ജീവിക്കാൻ അനുവദിക്കുന്നതിനും വേണ്ടി ഈ കാര്യങ്ങളെക്കുറിച്ച് അനുഷ്ഠാനം നടത്തുന്നതിനും ശീഘ്രഗതിയിൽ ഒരു തീരുമാനമെടുക്കുന്നതിനും വേണ്ടി ഈ കാര്യങ്ങൾ ഗവണ്മെന്റിന്റെ മുമ്പാകെ വയ്ക്കുകയാണു്.

ശ്രീ. സി. അച്യുതമേനോൻ : ഇതേപ്പറ്റി അനേഷിച്ചതിനു ശേഷമേ മറുപടി പറയാൻ സാധ്യമാകയുള്ളൂ.

Mr. Speaker: The matter will be taken up later.

The Kerala Education Rules.

Mr. Speaker: The consideration of the Kerala Education Rules will be resumed.

Minister for Law (**Shri V. R. Krishna Iyer**) : I should like to submit my views on a few matters more germane to the legal rather than the educational side of the questions at issue. One of the points raised here was the propriety of having included a rule relating to Scheduled castes and tribes under Article 335 of the Constitution. I submit that it is permissible to have provisions for scheduled castes and scheduled tribes for two reasons. One is, Article 16(4) embraces scheduled castes and tribes. The expression used "backward classes" has been held to include scheduled castes and scheduled tribes. So much so the regulations under Article 16(4) apply to scheduled castes and scheduled tribes. This position has been upheld in commentaries on the Constitution. Scheduled castes and tribes come within 16(4). In Venkitaramani Vs. Madras Government, there also the learned Judges held that Harijan did come within backward classes under Article 16(4). The Education Bill went up to the Supreme Court where it was held that Article 16 (4) embraced not only backward communities but scheduled castes and scheduled tribes also. In selecting candidates the Commission is to have regard to the provisions made by the Government under clause 4 of Article 16 of the Constitution, that is to say, give representation in the educational service to persons belonging to the scheduled castes and tribes. Therefore the argument of Mr. Thomman has not much substance.

Shri T. A. Thomman : The rules made under 16(4) deal only with representations of Backward communities and not with scheduled castes and tribes.

Shri V. R. Krishna Iyer: In two decisions, the Supreme Court have stated that "backward communities" embraces scheduled castes and scheduled tribes.

Shri T. A. Thomman : Even conceding for argument's sake that 16(4) covers Article 335, my point is that rules made under 16(4) contemplate recruitment from backward communities and not from scheduled castes and tribes.

Shri V. R. Krishna Iyer : The rules made by the Kerala Government are under both Articles 16(4) and 335.

LIBRARY ARCHIVES Kerala Legislative Assembly

[Shri V. R. Krishna Iyer]

When we apply the rules framed they will be applied under Articles 16(4) and 335. I now turn to the points raised by the hon. Members Shri P. T. Chacko and Shri K. R. Narayanan. Mr. K. R. Narayanan's argument was that wherever Government financed or subsidised an institution, appointments to that institution must be treated as appointments by the Public Service Commission or services connected with the affairs of the Government. That is not correct. The legal opinion that the Government has had is that, Municipal employees or employees of a Corporation, although it may be financed by the Government, may not necessarily be Government service. To say that all appointments by managers in aided schools must be deemed to be employment under the Government or the State is wrong assumption as at present advised. That makes his argument fallacious because his argument is that the managers should be given complete freedom to appoint.

I would like to point out that the argument by the Leader of the Opposition is inconsistent with Section 11. Of course, his amendments to Section 11 may be correct or acceptable. But what has happened? Section 11 has become part of the law. That Section lays down certain restrictions. It says that the Public Service Commission shall select candidates. Now what is meant by selection? It is not to borrow a list of all passed candidates from the Director of Public Instruction's Office. What his amendment says is 'do not select'. He says there should not be any selection by the Public Service Commission.

Shri P. T. Chacko: I hope the Minister has a copy of my amendment.

Shri V. R. Krishna Iyer: Yes.

Shri P. T. Chacko: If so, he will see that in sub-rule (i) of my amendment I have dealt with selection of candidates for each district. Persons who are qualified will be entitled to be enrolled in the list of the district in which they ordinarily reside. So there is selection for each district.

Shri V. R. Krishna Iyer: The section says "appointments in aided schools shall be made from the list of candidates prepared by the Public Service Commission provided that the Manager may for sufficient reason appoint teachers selected from any other list." Please note that what is said is "appointments may be made by the Managers from the list that is prepared by the Public Service Commission". That is precisely what I am saying. Mr. Chacko's amendment says "any person having the prescribed qualification shall be entitled to be included in the list of the District in which he ordinarily resides". It follows then that the Public Service Commission will not do any selective function but only collective function. That is collect all the facts from the Director of Public Instruction's office and put it on a regional or district-war basis. That is why I submit

LIBRARY ARCHIVES Kerala Legislative Assembly

that while I appreciate the spirit of the amendment it is impossible to accept it. I am not going to the other question of the propriety of it. May be it might give more viability, more loopholes to the managers. That is a matter which will be dealt with later. But for the moment I am saying that section 11 positively lays down that the Public Service Commission shall select candidates for appointment as teachers in Government and aided schools.

Shri P. T. Chacko : To satisfy the conditions in Section 11 regarding selection I have provided for selection of candidates for each district. Now qualified persons are there and it is the Public Service Commission who selects candidates for the district. Now there is selection and it will satisfy the conditions in the section.

Shri V. R. Krishna Iyer : Even there let us go into it in an elastic way. "The Public Service Commission shall select candidates for appointment as teachers both for Government and aided schools." The selection is for the candidates and not for the districts. If it is for the districts, the territorial consideration might be there. So the selection qualifies candidates and not the districts. What the Leader of the Opposition tries to do is to telescope the two ideas.

Shri P. T. Chacko : May I point out that all persons who apply for selection may not be eligible. It is the Public Service Commission who selects the qualified candidates.

Shri V. R. Krishna Iyer : Clause 2 says that all persons having the prescribed qualification shall be entitled to be included in the list. That is precisely where the selection process is eliminated and mere mechanical inclusion is prescribed. My submission is that Section 11 insists that there shall be a selective function discharged by the Public Service Commission and that is absent in the amendment of the Leader of the Opposition. It goes counter to the section.

The second point. I am not going into the details. Section 11 says "before the 31st of May each year the Public Service Commission shall select candidates. Again the idea is emphasised over and over again with due regard to the probable number of vacancies of teachers that may arise. The substance of the Leader of the Opposition's amendment is that regardless of the number of vacancies in the coming year any person having the the prescribed qualification shall be entitled to be included in the list. But what the Section says is that it shall be mandatory for the Public Service Commission to have due regard to the probable number of vacancies in the coming year. 'Shall be'—It is mandatory. So the amendment of the Leader of the Opposition is a negation of what Section 11 insists upon viz. the probable number of vacancies; it is an important limiting factor. Here the amendment says—without reference to the number of vacancies—that is diametrically opposed to Section 11. That is precisely a deprivation of the protection that Section 11 gives to the teaching class. The teachers who come out of the exami-

LIBRARY ARCHIVES Kerala Legislative Assembly

[Shri V. R. Krishna Iyer]

nation hall must have some assurance that there will be a selection and that they will get enrolled in a list and get better chances of selection. They need not bribe the managers. They need not woo and bribe or grease the Managers, they need not be victims or pay some sort of premium to buy their jobs. That is what is put in a felicitous way in the Chief Minister's statement, communal equality being secured and minimising scope for illegal gratification. I am really sorry that Shri Hassan Gani is not here. I would like to show how injurious it is to the Muslim Community if this list were to be accepted in toto. Of course Mr. K. P. R. Gopalan tried to bring it out by means of questions. Analysing the provision in the Act, we see No. (1)

The selection of the Public Service Commission is eliminated. Section 11 requires it.

(2) The Public Service Commission must have due regard to the probable number of vacancies; and

(3) In selecting candidates under sub-section (1) the Public Service Commission shall have regard to the stipulations of Article 16(4) of the Constitution.

Now what the Leader of Opposition says is that in the matter of selection due regard shall be had for the entire list and that the list shall contain twice the number of the probable vacancies. Therefore the amendment, however persuasive it may be, is not acceptable. My submission is that there are three legal matters contained in Section 11 (1). The Public Service Commission shall select having regard to the merits of the candidates. (2) The Public Service Commission shall have due regard to the number of vacancies. (3) The Public Service Commission shall select candidates having regard to Article 16(4). These are three directions contained in regard to the preparation of the list. But according to the amendment of the Leader of the Opposition selection is not made for the whole State having regard to Article 16(4) and the probable number of vacancies but on a district-war basis. So all the three conditions are violated. That is why I said that although the amendment is persuasive is not acceptable. I hope the Education Minister will answer the other aspects of the question.

I shall refer to one other point. What is the effect? Is it constitutionally valid, is the question of the Leader of the Opposition.

The suggestion of the Leader of the Opposition from what I heard in his speech yesterday and from what I read in his speech long ago, is a rope trick an extremely difficult rope trick i. e., the backward communities should not come up against the stand taken up by the Congress, "as we (congress party) normally, firmly and squarely stand by the principle of communal representation." Then there is the group on the other side, let us say, the forward communities led by militant leaders of

LIBRARY ARCHIVES Kerala Legislative Assembly

today., i. e., the Management interests—they should not be angered or prejudiced. So, let them have a free choice without any restriction to appoint from the list. That seems to be the argument. But then where is the 'selection by the Public Service Commission', if everybody is to come in? Instead of that, you can very well say, the Managers can select from all those who are qualified and who hold a teacher's certificate. By this amendment of the Leader of the Opposition, selection is excluded completely. It is like sitting on the fence. Now what is the consequence? Article 16(1) of the Constitution says :

> "There shall be equality of opportunity for all citizens in matters relating to employment or appointment to any office under the State".

If we accept this amendment what would happen is, there will be, in certain circumstances, a complete denial of opportunity for the forward communities of citizens for employment in Government service in regard to teaching profession. I shall show how it is. Suppose now 100 persons are required for Government schools and 150 persons are required for private schools, the total number required would be 250. Suppose we are preparing the list without any reference to communal proportion. If 1,000 persons have passed out and are qualified, the names of all the 1,000 persons are to be put there in the list. Out of a total of 250 hands required, 150 required for the private schools may be absorbed from one community. I am sorry my friend, Shri Hassan Gani is not here; I believe his friends who are here will keenly note what I say. So, 150 required for the private schools may be absorbed from one community—the Catholic Community. Then the result would be 850 persons in the list would be left behind. In regard to these 850 persons, they may belong to both the forward and backward communities—quite a larger number from the latter. Now what you are asking the Government to do is to select from within the backward classes not merely for themselves on the proportion of 50 per cent but also for the private schools proportion, 50 per cent. That is, against 150 required by the private schools, 75 from backward communities and against 100 persons required by the Government schools, 50 from backward communities. So, 75 plus 50 will be 125. Those are the persons to be appointed from the backward communities according to communal proportion against which there will be only 100 seats available in Government schools. Now under Article 16 (1) Government should give equal opportunities for all citizens in matters relating to appointment to any office under the State.

Shri T. A. Thomman : Is not equality of opportunity mentioned in Article 16(1) conditioned by Article 16(4)?

Shri V. R. Krishna Iyer: Do not think I am so short-sighted. I have also that in my mind. As was revealed in the course of the debate yesterday, we do not have specific figures in all these matters, because in one year the vacancies may be a certain

LIBRARY ARCHIVES Kerala Legislative Assembly

[Shri V. R. Krishna Iyer]

number, in the next year it may be less and in the third year, it may be more and so on; that is the case both with respect to private schools and Government schools. Now as I said against 250 vacancies, 150 are absorbed in private schools from communities other than backward communities, then it may so happen, that 125 persons from backward classes will have to be absorbed in a particular year in Government jobs, when there will be only 100 seats available. Then it will not only reduce the communal proportion in respect of backward classes, but it will also be a complete denial of opportunity for any citizen of the forward class in Government service. Now the argument is, is not Article 16(1) limited in scope by Article 16(4). Article 16(4) says :

> "Nothing in this article shall prevent the State from making any provision for the reservation of appointments or posts in favour of any backward class of citizens which, in the opinion of the State, is not adequately represented in the services under the state."

So, it is absolutely clear that some out of the jobs will be reserved for backward classes which are not adequately represented in the services under the State. It is not reservation for some and a rejection in toto to others. That is a most important point; and it may be construed to be an abuse of constitutional power if we are to so make reservation that other communities do not get a chance at all of coming in, so much so we should not make rules here as suggested by the Leader of the Opposition. I wish the Champions going about in Hamsaratham to say whether the Nayar community should be totally denied their choice to get into Government service which will be the case if the Leader of the Opposition's amendment is accepted. Of course the political implications of it, I can understand. But I am only putting it in the legalistic way, because here I am not concerned with politics.

Shri P. T. Chacko : The Minister will please consider that appointments in private schools are considered to be that appointments in Public Service; even under the rules framed by Government, appointments in private schools are considered as appointments under Government. So, there is no total denial of appointments in Government, because appointments in private schools are also deemed to be appointments in Government service.

Shri V. R. Krishna Iyer : The rules do not say that they 'will be deemed to be'. That "deeming" clause occurs only in the amendment of the Leader of the Opposition.

Shri P. T. Chacko : If they are not considered to be appointments in the Government service or under the State, it will be unconstitutional to apply Article 16(4) in the appointments in private institutions.

LIBRARY ARCHIVES Kerala Legislative Assembly

Shri V. R. Krishna Iyer : As I said, it won't be unconstitutional to apply Article 16(4) to private schools; it is perfec ly constitutional to put limitations upon the power of appointment of the manager. Therefore, under certain contingencies, if we are to accept the amendment of the Leader of the Opposition, it might mean a negation of opportunities to one class of people and it may militate against the Constitutional Provisions in Article 16. I am not making any dogmatic assertions. I am only mentioning that there are these legal difficulties. Let us understand these legal difficulties.

Then, as was pointed out by the Chief Minister—and it was referred to here—the two important criteria adopted in Section 11 of the Act are (1) securing the communal quota and (2) minimising scope for illegal gratification. Now with regard to the second criteria, if the entire list comprises some 5000 persons and if the total requirement is 1,500 the flood gates for illegal gratification will be as wide ajar as it is today. Let us not stifle the gravity of it, but understand it properly. The teaching profession have been clamouring against this illegal gratification all along. It is not the result of sudden ideas dawned upon the legislators of the Party. The teachers said, "we shall not be exploited to get job. We cannot pay one year's salary in advance to the Manager for getting a job." That was one of the reasons for restricting the number in the list. If you want 100, you may perhaps has 125 or 133; but you cannot have 2,000 in which case there will be this exploitation. That is, the practice sought to be introduced is the same as is in vogue now in regard to Government institutions. So, if we keep a bigger number in the list, the chances of not getting jobs will be considerably more. If the list becomes wider and wider, there will be greater scope for illegal gratification; greater will be the helplessness of the teacher and greater will he be at the mercy of the exploiting manager. Do we want to encourage this principle of illegal gratification by widening the list and drawing the teachers to remain at the mercy of the managers? If that is not the idea, the smaller the list the more wholesome it would become. If we throw open the list to all those who are qualified, what we do is we make no little change in favour of the teacher. Let us not betray the teachers.

The second thing is about the principle of communal quota. There again, what I would submit is that it will be thrown to the winds, if we make the list very wide. If we have 2,000 teachers in the list and only 250 are required—because I find from the speech of the Leader of the Opposition that there are about 10,000 persons hungrily going about in search of jobs. All these 10,000 persons will be coming in and adding another 1,500 who will be passing out this year and if we are to absorb all of them there should be 11,500 jobs against which there may be some 1,500 to 2,000 jobs available. So to the remaining 10,000 belonging to various communities, what would happen is, communal justice may be denied; it may be denied to backward classes themselves under certain conditions, because the

LIBRARY ARCHIVES Kerala Legislative Assembly

[Shri V. K. Krishna Iyer]

forward classes may get absorbed by these private managements as private managements are largely run by forward classes people. So, there is a bias in favour of forward classes of people. And under Article 16(4) Government will take only 50 per cent of the hands required by them from the backward classes in which case quite a number of backward classes people will be still thrown out of employment. Ofcourse, there is the argument that no fresh list need be prepared for next year and we can absorb hands from the existing list. Even then, there will be more people coming out qualified and that would mean more unemployment. I would therefore suggest that by accepting Shri Chacko's amendment we will be negativing the two wholesome principles which have animated the legislature in enacting Sec. 11—(1) communal justice and (2) protection to the teacher instead of forcing him to be a prey to the vices of the Managers. For these reasons, I submit that legally it may not be proper to accept the amendment. On the other aspects, the Education Minister will be replying.

Mr. Speaker: A few minutes back when Shri Chazhikatt Joseph wanted to speak on the rules under Chapter XXI, I did not allow him to do so, saying he had already spoken once. Now I find I have committed a mistake. He had, in fact, not spoken. It was a freak of memory. I am sorry for that.

Shri Joseph Chazhikatt: Can I speak now?

Mr. Speaker: No.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സർ, അധ്യാപക നിയമനത്തെ സംബന്ധിച്ചുള്ള ഭേദഗതി സഭയിൽ എത്തിയപ്പോഴാണ് നമ്മുടെ അഭിപ്രായ വിനിമയം ഏറ്റവും പ്രയോജനകരമായത് എന്ന് എനിക്കു തോന്നിപ്പോകുന്നു. ഉള്ള സംഗതികളെ അങ്ങോട്ടുമിങ്ങോട്ടും വെളിപ്പെടുത്തുന്നതിനും പറയുന്നതിനും, സമ്മതിക്കുന്നതിനുമുള്ള ഒരു സുവർണ്ണാവസരം ഈ ഭേദഗതിയുടെ വാഗ്വാദത്തിനിടയിൽ ലഭിക്കുകയുണ്ടായി. ഇതിൽ എന്നെ ഏറ്റവും സ്പർശിച്ചത്, എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. പി. ടി. ചാക്കോയുടെ പ്രഖ്യാപനമാണ്; അതായത്, അദ്ദേഹവും അദ്ദേഹത്തിന്റെ പാർട്ടിയും വിദ്യാഭ്യാസ അഴിമതിക്കെതിരാണെന്നുള്ള പ്രഖ്യാപനം. അത്രതന്നെ ഞാൻ ഇതിനു മുൻപു വിചാരിച്ചിരുന്നില്ല; ഇപ്പോൾ അത് വ്യക്തമാക്കിയതു നന്നായി. ഈ രാജ്യത്തുള്ള അധ്യാപകരും, അവരോടൊന്നിച്ചു നിൽക്കുന്ന ജനങ്ങളും ഈ വസ്തുത മനസ്സിലാക്കുന്നതു നന്നായിരിക്കും. ഈ അഴിമതി നടപ്പിലാക്കി കിട്ടണമെന്ന് ഈ രാജ്യത്തെ അധ്യാപക സഹസ്രങ്ങളും അവരോടൊന്നിച്ചു നിൽക്കുന്ന ബഹുജനങ്ങളും പലതവണ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ അഴിമതി നടപ്പിലാക്കുന്നതിനിടയിൽ, ബന്ധപ്പെട്ട കക്ഷികൾക്ക് എന്തെങ്കിലും ബുദ്ധിമുട്ടുകൾ യഥാർത്ഥത്തിൽ ഉണ്ടാകുകയാണെങ്കിൽ, അതിനെപ്പറ്റി പരിശോധിക്കാമെന്ന് ഗവണ്മെന്റ് കാലേക്കൂട്ടി പറഞ്ഞിട്ടുള്ളതാണ്. ഇവിടെ മാനേജ്മെന്റിനെ സംബന്ധിച്ച ചില ബുദ്ധിമുട്ടുകളെക്കുറിച്ചു മാത്രമേ ശക്തിയായ വാഗ്വാദത്തിനിടയിൽ പറഞ്ഞു കേട്ടുള്ളൂ. വാസ്തവത്തിൽ ഈ ബുദ്ധിമുട്ടുകൾക്കെന്തെങ്കിലും പരിഹാരം ഉണ്ടാക്കണമെന്നുദ്ദേശിച്ചാണ് ഗവണ്മെന്റിൽനിന്നും ഏറ്റവും ഒടുവിലായിട്ട് കൊണ്ടുവന്നിട്ടുള്ള ഭേദഗതിയിൽ മാറ്റം ചെയ്തിട്ടുള്ളത്. Allowance for a reasonable margin എന്നു പറഞ്ഞിട്ടുള്ളതു് അതുദ്ദേശത്തോടുകൂടിയാണ്. 25 ശതമാനമോ മറ്റോ ക്ലിപ്തപ്പെടുത്തി, മാനേജർമാർക്കെന്തെങ്കിലും അസൗകര്യം വർദ്ധിപ്പിക്കാതിരിക്കുന്നതിനു വേണ്ടിയാണ്

LIBRARY ARCHIVES, Kerala Legislative Assembly

ങ്ങനെയൊന്നു കൊണ്ടുവന്നിട്ടുള്ളതു്. ഇതുയും ചെയ്തതിനുശേഷവും, ഈ അധികാരം, ഇതിനോടനുബന്ധിച്ചുണ്ടാക്കുന്ന രൂപംസും ജനദ്രോഹകരമാണു്; ഈ രാജ്യത്തിനു മുഴുവൻ ആപത്താണു് എന്നൊക്കെ പറഞ്ഞു കേട്ടതിൽ ഖേദമുണ്ടു്. വാസ്തവത്തിൽ ഏറക്കുറെ ഈ തോതിലേക്കു എത്തുന്ന ചില നടപടികളും തൊട്ടു് അടുത്തുള്ള മദിരാശി ഗവണ്മെൻറും എടുത്തു കഴിഞ്ഞിരിക്കുകയാണു്. അദ്ധ്യാപക നിയമനത്തെ സംബന്ധിച്ചു് നിയന്ത്രണം എങ്ങനെ വേണമെന്നു് ശ്രീ. സുബ്രഹ്മണ്യം ആലോചിച്ചു വരുന്നു എന്നാണു് ഞാൻ അറിഞ്ഞിട്ടുള്ളതു്. എന്നാൽ ഡയറക്ടറേറ്റ് പേമെൻറും അതുപോലുള്ള കാര്യങ്ങളും അവിടെ നടപ്പാക്കിക്കഴിഞ്ഞിരിക്കുകയാണു്.

ശ്രീ. പി. ടി. ചാക്കോ: അതു് ഇവിടെ ഈ രീതി വരുന്നതിനു മുമ്പും ഉണ്ടായിരുന്നു. അദ്ധ്യാപകനു് ശമ്പളം കൊടുക്കുന്ന കാര്യമല്ലല്ലോ ഞാൻ ഇവിടെ പ്രതിപാദിച്ചതു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അദ്ധ്യാപകനു് ചെക്കു് മുഖേന ശമ്പളം കൊടുക്കുന്ന പ്രസ്ഥാനം സി. പി. രാമസ്വാമി അയ്യർ ഇവിടെ പരിശോധിക്കുകയുണ്ടായി എന്നു് എനിക്കറിയാം. അതിനുശേഷം എങ്ങിനെയാണെന്നും എനിക്കേറെക്കുറെ മനസ്സിലായിട്ടുണ്ടു്. എന്നാൽ അതിൽ നിന്നും വ്യത്യസ്തമായി ഈ ആക്ടിൻറെ അടിസ്ഥാനത്തിൽ ഈ ഗവണ്മെൻറു ചെയ്യാനുദ്ദേശിക്കുന്ന മാതിരി പ്രൈവറ്റു് എലിമെൻററി സ്കൂളുകൾക്കു് നേരിട്ടു ശമ്പളം കൊടുക്കുവാൻ മദ്രാസു് ഗവണ്മെൻറു് ഇപ്പോൾ തീരുമാനിച്ചിരിക്കുകയാണു്. ആ തീരുമാനത്തിനെതിരായി അവിടെ നടക്കുവാൻ പോകുന്ന ചില സംഗതികളെപ്പറ്റി ഇന്നലത്തെ ഹിന്ദു പത്രത്തിൽ എഴുതിയിട്ടുണ്ടു്. അതു ബഹുമാനപ്പെട്ട സ്പീക്കറുടെ അനുവാദത്തോടുകൂടി ഇവിടെ വിസ്തരിക്കണമെന്നു് വിചാരിക്കുന്നു.

ശ്രീ. പി. ടി. ചാക്കോ: അദ്ധ്യാപകനു് നേരിട്ടു ശമ്പളം കൊടുക്കുന്ന കാര്യത്തെപ്പറ്റി ആരും എതിർത്തു സംസാരിച്ചില്ല. ഈ ബില്ലു് ആദ്യം ചർച്ച ചെയ്തപ്പോഴും അതു കാര്യത്തിൽ എതിർപ്പുണ്ടായില്ല. പിന്നെ ഇപ്പോൾ മദ്രാസിൽ നേരിട്ടു ശമ്പളം കൊടുക്കാൻ പോകുന്നതിനെപ്പറ്റി പത്രത്തിൽ എഴുതിയിട്ടുള്ളതു് എന്തിനാണു് വായിച്ചു കേൾപ്പിക്കുന്നു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അതിൻറെ ഉദ്ദേശ്യത്തു് അറിയേണ്ടേ? വിദ്യാഭ്യാസ നിയമത്തെ എതിർക്കുന്ന പ്രസ്താവന ചെയ്തശേഷം ഈ കാര്യത്തെപ്പറ്റി സൂചിപ്പിക്കുന്നതിൽ ഖേദിക്കേണ്ട കാര്യമില്ല. ആ നടപടിയിൽ അവിടത്തെ മാനേജരന്മാരും തീരുമാനിച്ചിട്ടുള്ളതു് സ്കൂളുകൾ അടച്ചുപൂട്ടണമെന്നാണു്. അന്നത്തെ മിനുപ്പത്രം വായിച്ചാൽ അതറിയാം. അപ്പോൾ ഈ പ്രസ്ഥാനം നമ്മുടെ സംസ്ഥാനത്തു് പ്രത്യേകിച്ചുള്ളതല്ല. മാനേജ്മെൻറിൻറെ കാലത്തു് ഒട്ടാകെ അപാകതകളും എല്ലാ സംസ്ഥാനത്തും വന്നുകൊണ്ടിരിക്കുന്നുണ്ടെന്നും അതുമാതിരി അപാകതകളും നിയന്ത്രിക്കാനുള്ള നടപടികളും ഏതു ഗവണ്മെൻറായാലും കൈക്കൊള്ളുന്നുണ്ടെന്നുമുള്ളതു് നാം ഓർമ്മിക്കേണ്ടതാണു്. ഏറെക്കുറെ നിയന്ത്രണങ്ങളും ചെലുത്താൻ മദ്രാസു് ഗവണ്മെൻറു് ആലോചിച്ചപ്പോൾ അവിടെയുള്ള മാനേജ്മെൻറുകളും സ്കൂളുകൾ അടച്ചു പൂട്ടുമെന്നു് നിശ്ചയിച്ചിരിക്കുകയാണു്. അതിനെതിരായ നടപടികളും അവിടത്തെ ഗവണ്മെൻറു് എടുത്തുകൊണ്ടിരിക്കുന്നു. ആ സ്ഥിതിയിൽ ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു് പ്രസ്താവിച്ചതുപോലെ ഈ ആക്ടിൽ കൊടുത്തിട്ടുള്ള വ്യവസ്ഥകളനുസരിച്ചു് അദ്ധ്യാപകന്മാർക്കും പരിരക്ഷ നൽകുകയും മാനേജ്മെൻറിൻറെ പരമാധികാരത്തിൽ അല്പം നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്താൽ രാജ്യവ്യാപകമായി പ്രക്ഷോഭണം നടത്തുന്നതു് എന്നെ സംബന്ധിച്ചിടത്തോളം അത്ഭുതമല്ല. പക്ഷെ അതു് ഈ രാജ്യത്തെ ബഹുജന പ്രക്ഷോഭണമാണെന്നും, ജനകീയ പ്രസ്ഥാനമാണെന്നും വാദിക്കുമ്പോൾ എനിക്കു് അല്പം അസുഖം തോന്നുന്നുണ്ടു്. കാരണം, ഈ രാജ്യത്തു് ഏതു പുതിയനിയമം നടപ്പിലാക്കിയാലും പാരമ്പരാഗതമായ നിക്ഷിപ്ത താല്പര്യങ്ങളുടെ മേൽ കൈവയ്ക്കാതെ സാധിക്കുകയില്ലെന്നുള്ളതു് ഒരു അംഗീകൃതതത്വമാണു്. അപ്പോൾ ഏതെങ്കിലും നിയമം നടപ്പിലാക്കുന്ന സമയത്തു് നിക്ഷിപ്തതാല്പര്യങ്ങളുടെ മാരകം പിടിച്ചു് വാദിക്കുന്നതു് രാജ്യത്തിൻറെ പുരോഗതിക്കു സമാനമായ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

നടപടിയാണോയെന്നു് ബഹുമാനപ്പെട്ടപ്രതിപക്ഷനേതാവു് ആലോചിക്കുന്നതു നന്നായിരിക്കും. പ്രത്യേകിച്ചും അദ്ദേഹം വളരെക്കാലമായി കോൺഗ്രസിന്റെ മുന്നണിയിൽ നിന്നു് പ്രവർത്തിച്ചിട്ടുള്ള ഒരു ദേശീയ നേതാവു് ആയതുകൊണ്ടു് പ്രത്യേകം അതു് ഓർമ്മപ്പെടുത്തുകയാണു്. മദ്രാസ് സംസ്ഥാനത്തു ഉണ്ടാകുന്നതിൽ കൂടുതലൊന്നും ഈ സംസ്ഥാനത്തു ഉണ്ടാകാൻ പോകുന്നില്ലെന്നാണു ഞാൻ വിചാരിക്കുന്നതു്. പിന്നെ വാദപ്രതിവാദത്തിലുണ്ടായ ഒരു സംഗതി പിന്നാക്കസമുദായങ്ങളുടെ പരിരക്ഷയുടെ കാര്യമാണു്. അവിടെ വന്നപ്പോൾ ഈ ഭാഗത്തിരിക്കുന്നവരും, ആ ഭാഗത്തിരിക്കുന്നവരും തമ്മിൽ ഒന്നു് അടുത്തല്ലോ എന്നു തോന്നി. പക്ഷേ, തമ്മിൽ യോജിച്ചിട്ടും അതു നടപ്പിലാക്കുന്നിടത്തു വരുമ്പോൾ പതുക്കെ ഒന്നു ഉയരിപ്പോകാനുള്ള തന്ത്രവും ഇല്ലേയെന്നു തോന്നിപ്പോയി. ഈ വിഷയത്തെക്കുറിച്ചു് ബഹുമാനപ്പെട്ട നിയമമന്ത്രി ഏറക്കുറെ ഇവിടെ പ്രസ്താവിച്ചു കഴിഞ്ഞിട്ടുണ്ടു്. പിന്നാക്ക സമുദായങ്ങൾക്കു് പരിരക്ഷ നൽകേണ്ടതാണെന്നുള്ള തത്വം നാമെല്ലാവരും അംഗീകരിക്കുന്നു. പ്രതിപക്ഷനേതാവു് വളരെ വ്യക്തമായ നിലയിൽ പറഞ്ഞു. ശ്രീ. കെ. ആർ. നാരായണനും അദ്ദേഹത്തിന്റെ അഭിപ്രായത്തോടു യോജിച്ചിരിക്കുകയാണു്.

ആ തത്വം തികച്ചും സ്വീകരിക്കുകയാണെങ്കിൽ അതു കൊല്ലംതോറും നടത്തുന്ന നിയമനങ്ങളിൽ പരിപാലിക്കണോ, വേണ്ടയോ എന്നുള്ള പ്രശ്നത്തെ വ്യക്തമായി നേരിടണം. രണ്ടോ, മൂന്നോ, നാലോ, അഞ്ചോ കൊല്ലത്തേക്കുള്ള ഒരു പദ്ധതി മതിയോ, ഓരോ കൊല്ലത്തെയും പദ്ധതിയായി നിജപ്പെടുത്താൻ തയ്യാറുണ്ടോ എന്നു ചോദിക്കുകയാണു്. അങ്ങനെയാണെങ്കിൽ നാം തമ്മിൽ അഭിപ്രായവ്യത്യാസമില്ല. അതുവരെ പറയാൻ ഞാൻ തയ്യാറാണു്. അതിന്റെ കണക്കുകൾ നമുക്കു നോക്കാം. ഇവിടെ നാമെല്ലാവരും പറയുമ്പോലെ ഏഴായിരത്തോളം പ്രൈവറ്റ് സ്കൂളുകളുണ്ടു്. 3000-ത്തിൽപരം ഗവണ്മെന്റ് സ്കൂളുകളും ഉണ്ടു്. ഈ സ്കൂളുകളുടെ എണ്ണം താരതമ്യപ്പെടുത്തിയാൽതന്നെ നമുക്കറിയാം, പ്രൈവറ്റ് മേഖലയിലാണു് വളരെ കൂടുതൽ അദ്ധ്യാപകന്മാരെ നിയമിക്കാൻ സാദ്ധ്യതയുള്ളതെന്നു്. ഗവണ്മെന്റ് സ്കൂളുകളിൽ നിയമിക്കുന്ന അദ്ധ്യാപകരുടെ എണ്ണം ആയിരമോ, ആയിരത്തി ഇരുനൂറോ ആണെങ്കിൽ അതിന്റെ രണ്ടോ ഇരട്ടിയോ മൂന്നിരട്ടിയോ വരും സഹകാര്യ മേഖലയിൽ നിയമിക്കേണ്ടിവരുന്ന അദ്ധ്യാപകരുടെ എണ്ണം. അങ്ങനെ കണക്കാക്കിയാൽ മൂവായിരത്തിനും നാലായിരത്തിനുമിടയ്ക്കുള്ള നിയമനം പ്രൈവറ്റ് സ്കൂളുകളിൽ ഉണ്ടാകും. റിസർവേഷൻ പ്രിൻസിപ്പിൾ അംഗീകരിക്കുന്നുവെന്നുള്ളതു് ആത്മാർത്ഥമാണെങ്കിൽ നിശ്ചയമായിട്ടും രണ്ടായിരത്തോളം നിയമനങ്ങളും നാലായിരത്തോളം വരുന്ന നിയമനങ്ങളിൽനിന്നും പിന്നാക്കസമുദായക്കാർക്കു് വിട്ടുകൊടുത്തേ മതിയാവൂ. പിന്നാക്കസമുദായക്കാരിൽനിന്നു അതുപയോഗപ്പെടുത്തുന്നതിനുള്ള അദ്ധ്യാപകന്മാരെ കിട്ടാതെവരികയാണെങ്കിൽ അതുകൊല്ലത്തെ സ്ഥിതിയനുസരിച്ചു് വേണ്ട നടപടികളും എടുക്കാമെന്നും വിചാരിക്കുന്നു. യഥാർത്ഥത്തിൽ റിസർവേഷൻ എന്നുള്ള പ്രിൻസിപ്പിളും അംഗീകരിക്കുകയാണെങ്കിൽ, അതു മാറ്റണമെന്നുള്ളവരെ തന്ത്രപരമായി വശീകരിക്കാൻമാത്രം പറയുന്ന പ്രസ്ഥാനമല്ലെങ്കിൽ, ഞാൻ പറയുകയാണു് അതു വിചാരിച്ചാലും പാസ്സായിട്ടുള്ള എല്ലാവരേയും ലിസ്റ്റിൽ പെടുത്തിക്കൊണ്ടുള്ള നടപടികളും സ്വീകരിച്ചാലും പിന്നാക്കസമുദായക്കാർക്കു് കൊടുക്കേണ്ടസ്ഥാനങ്ങളും മുഴുവൻ കൊടുക്കാൻ സാധിക്കുകയില്ല എന്നു്.

ശ്രീ. ടി. എ. തൊമ്മൻ : പ്രൈവറ്റ് സ്കൂളുകളിൽ ആകെയുള്ള അദ്ധ്യാപകന്മാരുടെയും ഗവണ്മെന്റ് സ്കൂളുകളിൽ ആകെയുള്ള അദ്ധ്യാപകന്മാരുടെയും എണ്ണംകൂടി പറയാമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇപ്പോൾ എന്റെ കൈവശം അവയുടെ കണക്കു് ഇല്ല. വേണമെങ്കിൽ തയ്യാറാക്കിത്തരാം. അതുകൊണ്ടൊന്നും ഈ തത്വത്തിനു് മാറ്റംവരാൻ പോകുന്നില്ല. ഇപ്പോൾ രണ്ടായിരത്തിൽപ്പരം

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാനങ്ങളും പിന്നാക്കസമുദായക്കാർക്ക് കൊടുത്തേ കഴികയുള്ളൂ. ഇന്നത്തെ സ്ഥിതി നോക്കുകയാണെങ്കിൽ വളരെക്കാലമായി നമ്മുടെ നാട്ടിൽ നടന്നുവന്ന ചില സംഗതികളുടെ ഫലമായി പാസ്സായി ജോലിയില്ലാതെ നിൽക്കുന്ന ഗ്രാഡുവേറ്റ്സും അണ്ടർഗ്രാഡുവേറ്റ്സുമായ ആളുകളിൽ കൂടുതലും മുന്നാക്കംനില്ക്കുന്ന സമുദായത്തിൽപ്പെട്ടതാണ്. അതു് നമ്മുടെ ആരുടേയും കുറവല്ല. വളരെക്കാലമായി ഇവിടെ നടന്നുവന്നതിന്റെ ഫലമായി അങ്ങനെ സംഭവിച്ചു എന്നുമാത്രമേയുള്ളൂ. പാസ്സായിട്ടുള്ള എല്ലാവരെയും ഉൾപ്പെടുത്തി തയ്യാറാക്കുന്ന ഒരു ലിസ്റ്റിൽനിന്നും പ്രൈവറ്റ് സ്കൂൾ മാനേജരന്മാർ അവർക്ക് ഇഷ്ടമായ രീതിയിൽ ആളുകളെ തിരഞ്ഞെടുത്തു നിയമിച്ചു കഴിഞ്ഞാൽ എനിക്ക് തോന്നുന്നതു് ഓരോ കൊല്ലത്തേക്കും ആവശ്യമുള്ള സ്ഥാനങ്ങളും പിന്നാക്കസമുദായക്കാർക്ക് കിട്ടുകയില്ല എന്നാണു്. മൂവായിരത്തിൽപ്പരം ഗവണ്മെന്റ് സ്കൂളുകളിലെ വേക്കൻസികളും എല്ലാം ശ്രീ. ഗോവിന്ദപ്പിള്ള പ്രസ്താവിച്ചതുപോലെ പിന്നാക്കസമുദായക്കാർക്ക് വിട്ടുകൊടുത്താൽത്തന്നേയും അവർക്ക് 50 ശതമാനം സ്ഥാനങ്ങളും കിട്ടുകയില്ലെന്നാണു പരമാർത്ഥം. മുപ്പതോ മുപ്പത്തഞ്ചോ ശതമാനം കിട്ടുമായിരിക്കാം. അതുകൊണ്ടു് പ്രൈവറ്റ് സ്കൂളുകളിൽക്കൂടി പിന്നാക്കസമുദായക്കാരെ അദ്ധ്യാപകന്മാരായി നിയമിക്കണം. പ്രൈവറ്റ് മേഖലയിൽ പട്ടികജാതിക്കാരിലും പട്ടിക വർഗ്ഗക്കാരിലും ബാക്ക്വേഡ് ക്ലാസ്സിലുംപെട്ട ഏതാനും ആളുകളെ നിയമിച്ചേ മതിയാവൂ.

ശ്രീ. പി. ടി. ചാക്കോ: ഇന്നു് പ്രൈവറ്റ് സ്കൂളുകളിൽ എത്ര ശതമാനം പിന്നാക്ക വർഗ്ഗത്തിൽപ്പെട്ട ആളുകളും ഉദ്യോഗത്തിലുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: കുറെയൊക്കെ ഉണ്ടാകും. വളരെയധികം ഉണ്ടെന്നു് ഞാൻ വിശ്വസിക്കുന്നില്ല.

ശ്രീ. പി. ടി. ചാക്കോ: പിന്നാക്ക സമുദായത്തിൽപ്പെട്ട വ്യക്തികളും സംഘടനകളും നടത്തുന്ന പ്രൈവറ്റ് വിദ്യാലയങ്ങളും ഇവിടെ രാജ്യത്തു് എത്രയുണ്ടെന്നറിയാമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: വളരെക്കുറച്ചേ ഉള്ളൂ. അതിന്റെ കണക്കുമാത്രം പരിഗണിച്ചുകൊണ്ടു് ഒരു റൂൾ ഉണ്ടാക്കാൻ സാധിക്കുകയില്ല. റൂൾ ഉണ്ടാക്കുമ്പോൾ നിയമത്തിന്റെ അടിസ്ഥാനത്തിലെ പറയുകയുള്ളൂ. അപ്പോൾ ഹരിജനങ്ങൾക്കും പിന്നാക്ക സമുദായങ്ങളിലെ അംഗങ്ങൾക്കും ഒന്നുംതന്നെ പ്രൈവറ്റ് മേഖലയിൽ ഉദ്യോഗം കിട്ടുകയില്ലെന്നു സമ്മതിക്കേണ്ടിവരും. പരമാവധി ഹരിജനങ്ങൾക്കും പിന്നാക്ക സമുദായങ്ങൾക്കും പറയത്തക്ക പ്രാതിനിധ്യം കിട്ടുകയില്ലെന്നു വിവക്ഷിച്ചുകൊണ്ടു് സംസാരിക്കുകയാണു്.

ശ്രീ. പി. ടി. ചാക്കോ: പിന്നാക്ക സമുദായത്തിൽപ്പെട്ട വിദ്യാലയങ്ങളിലും ഒന്നും കിട്ടുകയില്ലേ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അതു് അഞ്ചോ ആറോ ഉണ്ടെങ്കിൽ കിട്ടിക്കൊള്ളട്ടെ.

ശ്രീ. കെ. ഭാർഗ്ഗവൻ: ഷെഡ്യൂൾഡ് കാസ്റ്റിനു് എത്ര പള്ളിക്കൂടങ്ങളും ഉണ്ടു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഗവണ്മെന്റു് ഏർപ്പെടുത്തിയതല്ലാതെ ഒരൊറ്റ പള്ളിക്കൂടവുമില്ല. ഞാൻ ഇക്കാര്യം പറഞ്ഞുകൊണ്ടു വന്നതു് ഇവിടെ നടന്നുകൊണ്ടിരിക്കുന്ന പ്രചരണ കോലാഹലത്തെ നിഷേധിക്കാൻ ഒരു തെളിവുണ്ടാക്കാനാണു്. ഇതാണു് സ്ഥിതിയെങ്കിൽ ഹാർവേഡ് കമ്മ്യൂണിറ്റിസിനെ ലിസ്റ്റിൽപ്പെടുത്തുന്നതിനെ സംബന്ധിച്ചിടത്തോളം ഒരു നിയന്ത്രണം ആവശ്യമില്ല എന്നാണു് ഞാൻ ചോദിക്കുന്നതു്. അങ്ങനെ യാതൊരു നിയന്ത്രണവുമില്ലാതെ പിന്നാക്കസമുദായക്കാർക്കും ഹരിജനങ്ങൾക്കും അവർ അർഹിക്കുന്ന സ്ഥാനങ്ങളും അങ്ങോട്ടു കൊടുക്കാമെന്നുള്ളതു്. യുക്തി വിചാരക്രമമാണോ എന്നാണു് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

ചോദിക്കുന്നതു്. അതു സാധിക്കുകയില്ലെന്നു കണക്കുകൂട്ടിക്കൊണ്ടു കാണുന്നു. അതുകൊണ്ടു അതിൽ ആവശ്യമായ നിയന്ത്രണം ഏർപ്പെടുത്തി. അതു് കുറേക്കാലം കഴിഞ്ഞാൽ വേണ്ടെന്നു വരാം. ഇപ്പോഴും നമ്മുടെ നാട്ടിലുള്ള ടെയിനിംഗ് സ്കൂളുകളിൽ കൊല്ലംതോറും തോൽക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം മൂവായിരത്തിൽപരമാണു്. ടെയിനിംഗ് കോളേജുകളിൽ ചേർക്കുന്നവരുടെ എണ്ണം അയ്യായിരത്തി അഞ്ഞൂറിൽ താഴെയാണു്. എണ്ണം നിയന്ത്രിച്ചുകൊണ്ടാണു് ഇങ്ങനെയിരിക്കുന്നതു്. അണ്ടർ ഗ്രാഡുവേറ്റും നാലായിരത്തിനും അയ്യായിരത്തിനും ജോലിയില്ലാതെ നിൽക്കുന്നുണ്ടു്. ഗ്രാഡുവേറ്റ്സ് അതുപോലും ഉണ്ടാകുകയില്ല. ആയിരത്തിനു താഴെ വരികയുള്ളു. ഇന്നു ജോലിയില്ലാത്ത എല്ലാവരേയും ഉൾപ്പെടുത്തി ലിസ്റ്റു് തയാറാക്കുകയാണെങ്കിൽ അതിലെ ഒന്നാം രണ്ടാം കൊല്ലത്തേക്കു് അവരെയെല്ലാം ഉപയോഗപ്പെടുത്താം. ടെയിനിംഗ് സ്കൂളുകളിലും ടെയിനിംഗ് കോളേജുകളിലും കമ്മ്യൂണൽ റൊട്ടേഷൻ അനുസരിച്ചു് വിദ്യാർത്ഥികളെ തിരഞ്ഞെടുക്കണമെന്നുള്ള തത്വം മാറിയിട്ടു നമുക്കു് അംഗീകരിക്കാൻ കഴിയും.

അങ്ങനെ നിശ്ചയിച്ചുകൊണ്ടു് വിദ്യാർത്ഥികളെ ചേർത്താലും റിസൽട്ടു് വരുമ്പോൾ കമ്മ്യൂണിറ്റിയെ അപ്പറേറ്റു ചെയ്യാൻ കഴിയുമോ എന്നാണു ചോദ്യം. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ, റിസർവേഷൻ പാലിക്കണമെന്നു വാശിക്കുന്നവർക്കു് മറ്റു സമുദായങ്ങളെ സംബന്ധിച്ചിടത്തോളം, എത്രകാലം റിസർവേഷൻ വേണ്ടിവരികയില്ല? റിസർവേഷൻ വേണമെന്നു രണ്ടു കൂട്ടരും മുൻപോലെ സമ്മതിച്ചിരിക്കുന്നു. പ്രൈവറ്റു സ്കൂളുകളിലേയും ഗവണ്മെൻറു സ്കൂളുകളിലേയും നിയമനങ്ങളും മുന്നിച്ചെയ്യുക. അവിടെ ശ്രീ. പി. ടി. ചാക്കോയും ഞാനും യോജിച്ചിരിക്കുന്നു. അങ്ങനെ തീരുമിച്ചെടുത്തു നടത്തുന്ന നിയമനത്തിൽ റിസർവേഷൻ പാലിക്കണമെന്നു വരുമ്പോൾ ശ്രീ. ചാക്കോ പറയുന്ന മാർഗ്ഗം പ്രൈവറ്റു സ്കൂളുകളിൽ ഇഷ്ടമുള്ളവരെ മാനേജരന്മാർ തെരഞ്ഞെടുത്തിട്ടു ബാക്കിയുള്ള കാര്യത്തിൽ ആകെ മൊത്തം നിയമനത്തെ കണക്കിലെടുത്തുകൊണ്ടു റിസർവേഷൻ പാലിക്കപ്പെടണമെന്നാണു്. അങ്ങനെ നിയമനം നടത്തിയാൽ യഥാർത്ഥത്തിൽ റിസർവേഷൻ അനുവദിക്കപ്പെട്ടിട്ടുള്ള ആളുകൾക്കു് വേറെ വാശാനം ചെയ്തിട്ടുള്ള സീറ്റുകൾ കിട്ടുവാനുള്ള സാധ്യതയുണ്ടോ? അവിടെ തീരുമിച്ചുകളി നടത്തിയാൽ വിഷമമുണ്ടു്. ഞാൻ കൊണ്ടുവന്നിട്ടുള്ള "allowance for a reasonable margin of choice by the managers" എന്ന ഓർഡർ കൊണ്ടു് എന്താണു സംഭവിക്കുന്നതു് എന്നു നോക്കിയിട്ടു് കഴിയുന്നിടത്തോളം അഡ്ജസ്റ്റുമെൻറുകൾ ചെയ്യുവാൻ ഗവണ്മെൻറിനു കഴിയും.

10 a.m.

ശ്രീ. എം. നാരായണക്കുറുപ്പു്: മുമ്പു് 25 ശതമാനം കൂടുതൽ എന്നു വച്ചിരുന്നു. അങ്ങനെ ഇപ്പോഴും വച്ചിരുന്നാൽ, അതുപോലും കൂടുതൽ ക്യാൻഡിഡേറ്റ്സ് അടുത്തുള്ള ഓരോ ലിസ്റ്റിൽ പബ്ലിക്ക് സർവ്വീസു് കമ്മീഷൻ തയാറാക്കിയാൽ ഇതിനേക്കാൾ കൂടുതൽ നിയന്ത്രണം നിയമനക്കാര്യത്തിൽ ഉണ്ടാവുകയില്ലേ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: വളരെ നിയന്ത്രണം ഉണ്ടാകുമെന്നു തോന്നുന്നില്ല. കൊല്ലംതോറും പാസ്സായിവരുന്ന ടെയിനിംഗ് വിദ്യാർത്ഥികളുടെ കാര്യത്തെപ്പറ്റി ഞാൻ മുമ്പേ പറഞ്ഞുകഴിഞ്ഞു. അപ്പോഴും കൂടുതൽ ആളുകളെ കൊല്ലങ്ങളും കഴിയുന്തോറും നമുക്കു കിട്ടിക്കൊണ്ടിരിക്കും. എന്നാൽ റിസൽട്ടു നമ്മുടെ പിടിയിൽനിന്നു വിട്ടുനിൽക്കുന്നിടത്തോളംകാലം പ്രൈവറ്റു സ്കൂൾ വിദ്യാലയങ്ങളിലെല്ലാം നിയമനത്തിൽ ഫാർവേഡു് കമ്മ്യൂണിറ്റിയെ സംബന്ധിച്ചു് ഒരു നിയന്ത്രണം വച്ചേ മതിയാവൂ. തന്നിമിത്തം ശ്രീമാൻ ചാക്കോയുടെ ദേഭഗതി എനിക്കു സ്വീകരിക്കാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ : എന്റെ ഭേദഗതിയിൽ നിയമപരമായ കുഴപ്പമുണ്ടെന്നു നിയമമന്ത്രി പറഞ്ഞു. ഞാൻ കൊണ്ടുവന്ന ഭേദഗതിയിൽ നിയമപരമായ കുഴപ്പമുണ്ടെങ്കിൽ, അതു 11-ാം വകുപ്പിനെതിരായി വന്നേക്കുമെങ്കിൽ, ഗവണ്മെന്റിനു തയാറുള്ളപക്ഷം, 11-ാം വകുപ്പു ഭേദഗതിപ്പെടുത്തുന്നതിനും വിഷമമില്ല. ഞാൻ ഇതു പറയുന്നു നിയമപരമായ കുഴപ്പത്തിന്റെ പേരിലാണോ, അതോ വേറെ വല്ല കാരണവുംകൊണ്ടാണോ എന്റെ ഭേദഗതി സ്വീകരിക്കാത്തതെന്നു അറിയുവാൻവേണ്ടിയാണു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : നിയമപരമായ കുഴപ്പമുണ്ടെങ്കിൽ മാറാമല്ലോ. അതല്ല വിഷമം. തത്വത്തിലാണു് അഭിപ്രായവ്യത്യാസം. ശ്രീ. ചാക്കോ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയനുസരിച്ചു് ബാക്ക്‌വേഡ് കമ്മ്യൂണിറ്റിക്കു് വേണ്ടപോലെ പ്രാതിനിധ്യം കൊടുക്കാൻ കഴിയുമോ എന്നതാണു പ്രശ്നം.

ശ്രീ. പി. ടി. ചാക്കോ : അപ്പോൾ നിയമപരമായ കുഴപ്പംകൊണ്ടല്ല, നേരെ മറിച്ചു് ആ ഭേദഗതികൊണ്ടുണ്ടാകാവുന്ന ഗുണദോഷങ്ങളെ അടിസ്ഥാനപ്പെടുത്തി ആ ഭേദഗതി സ്വീകരിക്കുവാൻ സാധ്യമല്ല എന്നല്ലേ പറയുന്നതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : വീണ്ടും എത്ര ആവർത്തിച്ചാലും പിന്നെയും വാദിക്കും, എന്നൊരു ചൊല്ലുണ്ടു്. ബാക്ക്‌വേഡ് ക്ലാസസ്സിനു റിസർവേഷൻ കൊടുക്കാമെന്നു പിറയുകയും അതോടൊപ്പം ഇഷ്ടമുള്ളവരെ നിയമിക്കുവാൻ അനുവദിക്കത്തക്ക നിലയിൽ ബുഹത്തായ ഒരു ലിസ്റ്റു തയാറാക്കുകയും ചെയ്താൽ എങ്ങനെ ഇതു രണ്ടുംകൂടി പൊരുത്തപ്പെട്ടും, ആ വ്യവസ്ഥകൊണ്ടു് പിന്നാക്കസമുദായക്കാരുടെ പ്രാതിനിധ്യം എങ്ങനെ ശരിപ്പെട്ടും, എന്നെനിക്കു മനസ്സിലാകുന്നില്ല. അവരുടെ പ്രാതിനിധ്യം ഇതുകൊണ്ടു സാധ്യമാകുമെന്നു പറഞ്ഞാൽമാത്രം പോരാ. ചില യാഥാർത്ഥ്യങ്ങളും ഇന്നു നമ്മുടെ മുമ്പിലുണ്ടു്.

ശ്രീ. പി. ടി. ചാക്കോ : ആ യാഥാർത്ഥ്യങ്ങളും അറിയണമെങ്കിൽ, മന്ത്രിയുടെ കയ്യിലെങ്കിലും ഒരു കണക്കു വേണ്ടേ ? യഥാർത്ഥമായ ഒരു കണക്കില്ലാത്തിടത്തോളം കാലം ഊഹത്തിന്മേൽ പറയുകയല്ലേ ചെയ്യുന്നതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതിനെ സംബന്ധിച്ചുള്ള യാഥാർത്ഥ്യം എന്താണെന്നു് ഇവിടെ ഉദ്ധരിച്ച കണക്കുകൊണ്ടുതന്നെ അറിയാവുന്നതാണു്.

ശ്രീ. പി. ഗോവിന്ദപ്പിള്ള : ആ കണക്കു തന്നെ മാറിക്കൊണ്ടിരിക്കുകയല്ലേ ? അതുകൊണ്ടു് അതിന്റെയടിസ്ഥാനത്തിൽ, ഇപ്പോൾ ഒരു രൂപം ഉണ്ടാക്കുവാൻ സാധ്യമാണോ ?

ശ്രീ. എം. നാരായണക്കുറുപ്പു് : ഒരു മാനേജ്മെന്റിന്റെ കീഴിൽത്തന്നെ പല പ്രവർത്തനങ്ങളും ഉണ്ടു്. അപ്പോൾ പിന്നാക്കസമുദായക്കാരുടെ കണക്കെടുത്തു് എത്രപേരെ അതല്ലെങ്കിൽ എത്ര ശതമാനം നിയമിക്കണമെന്നു തീരുമാനിക്കുവാൻ സാധ്യതയില്ലേ ? അതായതു് നാലാളെ നിയമിക്കുമ്പോൾ രണ്ടാളെ പിന്നാക്കസമുദായത്തിൽനിന്നും നിയമിക്കണമെന്നു നിർദ്ദേശിക്കുന്നതു് പ്രായോഗികമായ ഒരു വഴിയാവുകയില്ലേ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതു് ഒരു പ്രായോഗികവഴിയാണു്. പ്രത്യേകിച്ചും ശ്രീ. നാരായണക്കുറുപ്പു് പ്രായോഗികയെപ്പറ്റി കൂടുതലായി ചിന്തിക്കുന്ന ഒരാളായതുകൊണ്ടു് അതേപ്പറ്റി പരിശോധിക്കേണ്ടതുമാണു്. പക്ഷേ സഹകാരിവിദ്യാലയങ്ങളിൽ പിന്നാക്കസമുദായവിഭാഗങ്ങളിൽനിന്നു കുറഞ്ഞതു് ഇത്രപേരെ വീതമെങ്കിലും നിയമിച്ചുകൊള്ളണമെന്ന ഒരു സ്റ്റാറ്റ്യൂട്ടറി പ്രൊവിഷനുണ്ടാകുമെങ്കിൽ നമുക്കു യാതൊരു പ്രയാസവുമില്ല. അതിപ്പോൾ ചെയ്യാനൊക്കാത്തതുകൊണ്ടു് പിന്നാക്കസമുദായങ്ങൾക്കും ഹരിജനങ്ങൾക്കും വിദ്യാലയങ്ങളിൽ ന്യായമായ പ്രാതിനിധ്യം നിയമനക്കാര്യത്തിൽ കൊടുക്കുവാൻ പര്യാപ്തമായ മാർഗ്ഗങ്ങളെന്താണെന്നു പ്രത്യേകം ചിന്തിക്കേണ്ടിയിരിക്കുന്നു. ഒക്കല്ലംതോറും അവർക്കു് ഇത്തരത്തിൽ പ്രാതിനിധ്യം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

കൊടുക്കണമെന്ന നിർബ്ബന്ധമില്ല. കൊല്ലംതോറും ടെയിനിംഗ് കഴിഞ്ഞു വരുന്ന അദ്ധ്യാപകന്മാരുടെ എണ്ണം വർദ്ധിച്ചു വരുന്നതുകൊണ്ട് അദ്ധ്യാപകന്മാരുടെ പേസ്കെയിൽ തയാറാക്കുമ്പോൾ എല്ലാവരേയും ഉൾപ്പെടുത്തുവാൻ വിഷമമില്ലെന്നു കണ്ടാൽ, ഈ സമ്പ്രദായം മാറ്റുന്നതിനും വിഷമമില്ല. പക്ഷേ, ഈ തത്വം എപ്പോഴും പരിപാലിക്കുവാൻ സാധിക്കണമെന്നുള്ളതാണ് നിർബ്ബന്ധമായിട്ടുള്ളത്. അതിനു് ഇങ്ങനെയൊരു പ്രൊവിഷൻ കൊണ്ടുവന്നാൽ മാത്രമെ സാധിക്കുകയുള്ളൂ. പിന്നെ നിയമമന്ത്രി പ്രസ്താവിച്ചതുപോലെ ലിസ്റ്റിൽപ്പെട്ടയാളുകളുടെ എണ്ണം ചുരുങ്ങിയിരിക്കുകയാണെങ്കിൽ ചില അഡ്വൈസറി കമ്മിറ്റികൾ നടത്തി കുറെയൊക്കെ മാനേജ്മെന്റിന്റെ സ്വാതന്ത്ര്യത്തിലേക്കും വിട്ടുകൊടുക്കാവുന്നതാണ്. ഞാൻ അങ്ങോട്ടേക്ക കടക്കുന്നില്ല. ഏതായാലും പിന്നാക്കസമുദായക്കാർക്ക് ഈ വിഷയത്തിൽ ഉണ്ടാകാനിടയുള്ള അവശത വകവച്ചു കൊടുക്കുകയും അതു പരിഹരിച്ചു കൊടുക്കുകയും വേണം. പിന്നെ ചില വിട്ടുവീഴ്ചകളെല്ലാം ചെയ്യാൻ സാധിക്കും.

"Allowance for a reasonable margin of choice by the managers" എന്നുള്ള അതുപോലെ അപ്പോയിന്റ് ചെയ്യുന്നതിനിടയിൽ പബ്ലിക്ക് സർവ്വീസ് കമ്മിഷനെന്തെല്ലാം വിട്ടുവീഴ്ചകൾ ചെയ്യാനൊക്കുമോ അതു ചെയ്യുവാൻ പബ്ലിക്ക് സർവ്വീസ് കമ്മിഷൻ തയാറാകും. ഗവണ്മെന്റും അതിനു തയ്യാറാണ്.

ഇതെല്ലാം സംസാരിച്ചതുകൊണ്ട് ഇതിനെ സംബന്ധിച്ച് യാതൊരു വിട്ടുവീഴ്ചയും ചെയ്യാൻ തയ്യാറില്ലാത്ത നിലയിൽ മൽക്കടമുഷ്ടിയോടുകൂടി ഇരിക്കുവാൻ ഗവണ്മെന്റാഗ്രഹിക്കുന്നില്ല. ഇതിലെ തത്വം അംഗീകരിക്കുകയെന്നേ ഗവണ്മെന്റു പറയുന്നുള്ളൂ. ഇതിലെ തത്വം അംഗീകരിച്ചു കഴിഞ്ഞാൽ മറ്റു ഭാഗത്തേക്ക് എത്ര വിട്ടുവീഴ്ച ചെയ്യുവാനും ഗവണ്മെന്റു തയാറാണ്. ഗവണ്മെന്റുഭാഗത്തു് യാതൊരുവക സഹകരണബുദ്ധിയുമില്ല, വളരെവളരെ ശക്തിയായി വാശി പിടിച്ചു നിൽക്കുകയാണ്, വിദ്യാഭ്യാസമന്ത്രി അങ്ങേയറ്റത്തെ ഡിക്കാരിയാണ്, മറ്റു മന്ത്രിമാരും ഒട്ടും കുറവല്ല, എന്നെല്ലാം ഇവിടെ പറയുകയുണ്ടായി. അതിനെപ്പറ്റി എനിക്കൊന്നും പറയാനില്ല. എന്നെപ്പറ്റി പറഞ്ഞതു് എനിക്കു കിട്ടിയ ഒരു സർട്ടിഫിക്കറായി ഞാൻ കണക്കാക്കിക്കൊള്ളാം. മരണാനന്തരജീവിതത്തിൽ ആ സർട്ടിഫിക്കറു്, ശ്രീ. ചാക്കോ തന്ന ഒരു സർട്ടിഫിക്കറായതുകൊണ്ട്, സ്വർഗ്ഗത്തിൽപ്പോകാൻ ഉപകരിച്ചേക്കാനും മതി. പക്ഷേ സഹകരണത്തെപ്പറ്റി പറയുമ്പോൾ, എനിക്കും സ്വല്പം പറയാനുണ്ട്. ഗവണ്മെന്റ് ഇക്കാര്യത്തിൽ ഒരിക്കലും ദുർവാശി പിടിച്ചിരുന്നില്ല. ഈ ആക്ടിന്റെ അതിത്തിക്കുത്തു നിന്നു പ്രശ്നങ്ങളുണ്ടാകുമ്പോൾ, മാനേജരന്മാർക്കുവേണ്ടി ഏതെല്ലാം വിട്ടുവീഴ്ചകൾ ചെയ്യാനൊക്കുമോ, അതെല്ലാം ചെയ്യാമെന്നു മാനേജരന്മാരോടു് ഈ ഗവണ്മെന്റ് കാര്യകൃത്തിത്തന്നെ പറഞ്ഞിട്ടുള്ളതാണ്. അതിനുംപുറമെ ഈ പ്രശ്നങ്ങൾ രൂപീകരിക്കുന്നതിനുമുമ്പ് ഡിപ്പാർട്ടുമെന്റൽ തലത്തിൽ തന്നെ മാനേജരന്മാരെ വിളിച്ചുവരുത്തി ഒരു കൂടിയാലോചന നടത്തുകയും അവിടെ വച്ച് അവർ ചില അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും ചെയ്തു. ആ അഭിപ്രായങ്ങളിൽ ഏതാനും ചില കാര്യങ്ങൾ അംഗീകരിച്ചിട്ടുമുണ്ട്. പിന്നീടു് ചീഫ് മിനിസ്റ്റർ ഒരു കൂടിയാലോചനയ്ക്കായി ഇവിടത്തെ കാർപ്പറേറ്റ് മാനേജരന്മാരെ ക്ഷണിക്കുകയുണ്ടായി. ആക്ടിന്റെ നാലതിത്തിക്കകത്തു നിന്നുകൊണ്ട് മാനേജരന്മാർക്കുവേണ്ടി എന്തെല്ലാം ചെയ്യാമോ, അതൊക്കെ ചെയ്യാമെന്നും പറഞ്ഞും അതിനു നിങ്ങൾ തയാറാകണമെന്നഭ്യർത്ഥിച്ചും, അദ്ദേഹം കാർപ്പറേറ്റ് മാനേജരന്മാരുടെ അധികൃതന്മാരെ ക്ഷണിക്കുകയുണ്ടായി. എന്നാൽ അതിനു മറുപടിയായി അവർ അറിയിച്ചതു് ഈ ആക്ടു് പിൻവലിക്കുന്നതിൽ കുറഞ്ഞ യാതൊരു നടപടികളുംകൊണ്ട് ഞങ്ങളെ തൃപ്തിപ്പെടുത്തുവാൻ സാധിക്കുകയില്ല എന്നാണ്. അങ്ങനെ പലരും ഗവണ്മെന്റിലേക്കെഴുതിയിട്ടുണ്ട്. അതാണ് സഹകരണം അങ്ങോട്ടു കാണിച്ചതിനു് ഇങ്ങോട്ടു കിട്ടിയ ഫലം.

LIBRARY ARCHIVES Kerala Legislative Assembly

എനിക്കതറിയാവുന്ന അനുഭവമുണ്ട്, ഒരു മാന്യൻ, അദ്ദേഹത്തിന്റെ പേരിവിടെ പറയണമെന്നു വിചാരിക്കുന്നില്ല. റവന്യൂ ബോർഡിലെ ഒന്നാം മെമ്പറായിരുന്നു റിട്ടയർ ചെയ്ത ഒരു മഹാൻ, കാർപ്പറേറ്റഡ് മാനേജരുടെ ഔദ്യോഗിക പ്രതിനിധി എന്ന നിലയിൽ എന്നെ സമീപിക്കുകയും, അദ്ദേഹത്തോട് ഏതെല്ലാം വിട്ടുവീഴ്ചകൾ ഗവണ്മെന്റിനു ചെയ്യാനൊക്കുമോ അതെല്ലാം ചെയ്യാൻ തയ്യാറാണെന്നു പറയുകയും ചെയ്തു. ചീഫ് മിനിസ്റ്റർ അദ്ദേഹത്തോടു പറഞ്ഞു, മാനേജ്മെന്റിന്റെ ന്യായമായ അവകാശത്തിന്മേൽ കൈകടത്തുവാൻ ഗവണ്മെന്റിനാഗ്രഹമില്ലെന്നു. മാത്രമല്ല, അഭിവന്ദ്യന്മാരായ മെത്രാപ്പോലീത്താമാരെ സമീപിച്ചു് എന്തെങ്കിലും വിട്ടുവീഴ്ച ഇക്കാര്യത്തിൽ ഗവണ്മെന്റു ചെയ്യുന്നതിനുണ്ടോയി ഉണ്ടെന്നു് അവർ അഭിപ്രായപ്പെട്ടാൽ അതിനെപ്പറ്റി ആലോചിക്കാമെന്നും, അതു പരിഹരിച്ചു കൊടുക്കുവാൻ ഗവണ്മെന്റു തയ്യാറാണെന്നും, അതനുസരിച്ചു് അവർക്കു് ഒരെഴുത്തു കൊടുക്കണമെന്നുള്ളതേഹം ആവശ്യപ്പെട്ടതനുസരിച്ചു്, ഞാൻ ഒരെഴുത്തു കൊടുക്കുകയും ചെയ്തു അതെഴുത്തുംകൊണ്ടു് അദ്ദേഹം പോയി, കാർപ്പറേറ്റഡ് മാനേജരന്മാരെ സമീപിച്ചശേഷം അദ്ദേഹം അയച്ച മറുപടി ഞാനിവിടെ വായിക്കാം.

ശ്രീ. എം. നാരായണക്കുറുപ്പു്: അദ്ദേഹത്തിനു കൊടുത്തയച്ച എഴുത്തു് ഇവിടെയുണ്ടോ? ഉണ്ടെങ്കിൽ, അതും ഈ എഴുത്തും മേശപ്പുറത്തു വയ്ക്കുമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അതെഴുത്തും എന്റെ പക്കലുണ്ടു്. രണ്ടും മേശപ്പുറത്തു വയ്ക്കാം

ശ്രീ. പി. ടി. ചാക്കോ: മന്ത്രിയെ സമീപിച്ചയാളിന്റെ പേരു പറയാൻ മടിക്കുന്നു എന്നു് മന്ത്രി പറഞ്ഞു. ഈ എഴുത്തു മേശപ്പുറത്തു വച്ചാൽ പേരു വെളിപ്പെട്ടുപോകും.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: പേരു വെളിപ്പെടുമെന്നറിയാം. അങ്ങനെ പേരു വെളിപ്പെടുന്നതുകൊണ്ടു് വലിയ പ്രക്ഷോഭകരമായ സംഭവങ്ങളൊന്നും ഈ രാജ്യത്തുണ്ടാകാൻ പോകുന്നില്ല. ഇങ്ങനെ ഇതേപ്പറ്റി പലതുമായിട്ടു സംസാരിക്കുകയും, പ്രായോഗികബുദ്ധ്യാ ഇതിനു പരിഹാരം കണ്ടുപിടിക്കുവാൻ കഴിയുമോയെന്നു് ചിന്തിക്കുകയും, ചെയ്തിട്ടുണ്ടു്.

ശ്രീ. പി. ടി. ചാക്കോ: അങ്ങനെ ഇവരെ ക്ഷണിച്ചിട്ടുള്ളതും കൂടിയാലോചനകൾ നടത്താമെന്നു പറഞ്ഞിട്ടുള്ളതും എല്ലാം അതുകൊണ്ടിൽ മാറ്റങ്ങൾ ചെയ്യാമെന്നുള്ള അടിസ്ഥാനത്തിലല്ലെന്നും, അതു് റദ്ദു് അതേമാതിരി നിലനിർത്തിക്കൊണ്ടു ചെയ്യാവുന്ന വിട്ടുവീഴ്ചകൾ ചെയ്യാമെന്നുമുള്ള ഒരു നിലപാടു് സ്വീകരിച്ചുകൊണ്ടും അയിരുന്നില്ലേ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അതറിയാമല്ലോ. അതുകൊണ്ടിനുള്ളിൽ നിന്നുകൊണ്ടുതന്നെ യഥാർത്ഥത്തിൽ ഇതിനു പരിഹാരം കണ്ടുപിടിക്കാമെന്നിരിക്കെ അതു് റദ്ദു് മാറണമെന്നു പറയുന്നതിന്റെ പിന്നിലുള്ള മനോഭാവമെന്താണെന്നു് എനിക്കു മനസ്സിലാക്കുവാൻ സാധിക്കും. ഏതു നിയമം വന്നാലും അതെന്തു പറഞ്ഞാലും ഈ ഗവണ്മെന്റു് കൊണ്ടുവരുന്ന നിയമം എന്തായിരുന്നാലും അതു നിയമത്തെ പരാജയപ്പെടുത്തുവാൻ നൂറു ശതമാനവും പരിശ്രമിക്കുകയെന്ന ചിന്താഗതിയോടുകൂടിയിരിക്കുന്ന ആളുകളെ തൃപ്തിപ്പെടുത്തുവാൻ ഗവണ്മെന്റിനു സാദ്ധ്യമല്ല. ഈ രാജ്യത്തെ പിന്നാക്കസമുദായക്കാരെ തൃപ്തിപ്പെടുത്തുവാനും, യഥാവിധി അവർക്കുണ്ടാകാവുന്ന അവശതകളെ പരിഹരിക്കുവാനും, മാനേജ്മെന്റുകളും തയ്യാറാകുമെങ്കിൽ, അതിലേക്കാവശ്യമായ സഹകരണമനോഭാവം അവർ പ്രദർശിപ്പിക്കുമെങ്കിൽ, അക്കാര്യത്തിൽ ഒരൊത്തുതീർപ്പുണ്ടാക്കുകയാണെങ്കിൽ, സംവരണതത്വം പരിപാലിക്കുക എന്ന അടിസ്ഥാനത്തിൽ ലിസ്റ്റു തയ്യാറാകുന്ന സംഗതിയിലും ഇരുകൂട്ടർക്കും യോജിക്കാൻ കഴിഞ്ഞാൽ ഒരുപക്ഷേ, ഈ റദ്ദു് ബലികഴിക്കുവാൻപോലും ഗവണ്മെന്റു തയ്യാറാകുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

ഇങ്ങനെ പറയുന്നതു് ഒരുപക്ഷേ എന്നെപ്പോലെയുള്ളവർക്കു് ചിന്താശക്തിയില്ലാത്തതുകൊണ്ടായിരിക്കാം. പക്ഷേ ഞാൻ എന്നോടൊത്തു നിൽക്കുന്ന സ്നേഹിതന്മാരോടു വളരെ വളരെ ആലോചിച്ചിട്ടുണ്ടു്. പിന്നാക്കസമുദായങ്ങൾക്കു് പ്രാതിനിദ്ധ്യം പ്രത്യേകിച്ചുകൊടുക്കുമ്പോൾ അതിനു ഇതു് തടസ്സമായിത്തീരുകയില്ലേയെന്നുകൂടി നോക്കേണ്ടതുണ്ടു്.

ശ്രീ. പി. ടി. ചാക്കോ : ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയും ഗവണ്മെൻറും ഈ ആക്ടിലെ ബുദ്ധിമുട്ടുകളും ഉള്ള വ്യവസ്ഥകളും മാറ്റി എല്ലാവർക്കും സ്വീകാര്യമായിരിക്കത്തക്ക ഒരു ബില്ലു് ഭേദഗതി ചെയ്തു കൊണ്ടുവരുന്നതിനു് ബന്ധപ്പെട്ട കക്ഷികളുമായി കൂടിയാലോചന നടത്താൻ ഇന്നു തയ്യാറുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഈ എല്ലാ കക്ഷികളുമായി ആലോചിക്കുക എന്നുള്ളതിൽ അർത്ഥമില്ല.

ശ്രീ. പി. ടി. ചാക്കോ : ബന്ധപ്പെട്ടകക്ഷികളുമായി.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഏതു പുതിയ നിയമമുണ്ടാക്കുമ്പോഴും പരസ്പരാശ്രിതമായി ചില കാര്യങ്ങൾ അടിപ്പോറായി വച്ചുകൊണ്ടിരിക്കുന്ന ആളുകൾക്കു് കുറച്ചു വിഷമം ഉണ്ടാകും. കാർഷികബന്ധബില്ലുതന്നെ ഇവിടെ കൊണ്ടുവന്നു. അതു നിയമമാകുമ്പോൾ ഒരു വിഭാഗം ആളുകളുടെ ഉത്തമതാൽപ്പര്യങ്ങളെ അതു ബാധിക്കുമെന്നുള്ളതുകൊണ്ടു് അതു് ഒഴിച്ചു നിർത്താൻ സാദ്ധ്യമല്ല. അതുപോലെ വ്യവസായബന്ധത്തിൽ ഒരു നിയമമായി കഴിഞ്ഞാൽ അതു വ്യവസായികളുടെ ഉത്തമ താൽപ്പര്യത്തിൽ കൈവയ്ക്കും എന്നുള്ളതുകൊണ്ടു് അതും ഒഴിച്ചു നിർത്താൻ നിവൃത്തിയില്ല. പ്രൈവറ്റു് സ്കൂൾ മാനേജരന്മാർ അനാശാസ്യന്മാരാണെന്നും ഈ രാജ്യത്തുനിന്നും അടിച്ചു നീക്കപ്പെടേണ്ടവരാണെന്നും കരുതിയല്ല ഞാനിതു പറയുന്നതു്. അദ്ധ്യാപകന്മാരെപോലെയും, രക്ഷകർത്താക്കന്മാരെപോലെയും അദ്ധ്യേതാക്കളെപ്പോലെയും ഒഴിച്ചുകൂടാൻ പാടില്ലാത്തവരാണോ ഈ പ്രൈവറ്റു് സ്കൂൾ മാനേജരന്മാർ എന്നു നാം നോക്കണം. പക്ഷേ, മാനേജരന്മാർ വിദ്യാഭ്യാസം വികസിപ്പിക്കുന്നതിൽ കാണിച്ച ആ സഹകരണത്തെ തിരിച്ചും അഭിമാനിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്യുക എന്നുള്ളതാണു് ഈ ഗവണ്മെൻറിൻറെ നയം. അങ്ങനെയിരിക്കുമ്പോൾ ഈ മാനേജ്മെൻറുകൾക്കുമാത്രം തൃപ്തികരമായ രീതിയിൽ ഈ ആക്ടിനെ ഭേദപ്പെടുത്താമോ?..... .....

ശ്രീ. പി. ടി. ചാക്കോ. ഈ ആക്ടിലെ വ്യവസ്ഥകളും മാറ്റി എല്ലാവർക്കും സ്വീകാര്യമായ രീതിയിൽ ഭേദഗതി ചെയ്യുന്നതിനു് ബന്ധപ്പെട്ട കക്ഷികളുമായി ആലോചിക്കുവാൻ സാദ്ധ്യമല്ലെന്നു പറയുന്നു. പിന്നെ സഹകരണത്തിൻറെ ആവശ്യമെന്താണു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഈ കൺടംപ്റ്റു് ഓഫ് ലെജിസ്ലേഷൻ എന്തായാലും ഞങ്ങൾ അംഗീകരിക്കുകയില്ല. എന്തായാലും ഇതൊന്നു മാറ്റി എഴുതണമെന്നാണു് പറയുന്നതു്. ഈ നിയമം സുപ്രീം കോടതി പരിശോധിച്ചു് അംഗീകരിക്കുകയും രാഷ്ട്രപതി ഒപ്പുവെയ്ക്കുകയും ചെയ്തുകഴിഞ്ഞശേഷം ഇതു അപകടകരമാണു്, മാറ്റി എഴുതണം എന്നു നാലുപേരു പറഞ്ഞാൽ അംഗീകരിക്കാൻ വിഷമമാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇവിടെ നിന്നും ഉന്നയിച്ച ചില വാദങ്ങൾ സ്വീകാര്യമാണെങ്കിൽപോലും 11-ാം വകുപ്പു് അതിനു് തടസ്സമായി നിൽക്കുന്നു എന്നും, നിയമമന്ത്രി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അപ്പോൾ ആ മറുപടിയോടു യോജിക്കുന്നു എങ്കിൽ മാത്രമേ അതു സാദ്ധ്യമാകുകയുള്ളു എന്ന അഭിപ്രായത്തെ മുൻനിറുത്തി ഇതു ഭേദഗതി വരുത്തുന്നതിനെപ്പറ്റി ആലോചിക്കാൻ തയാറുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഭേദപ്പെടുത്തിയാൽ ഞാനിപ്പറഞ്ഞ വ്യവസ്ഥ പരിപാലിക്കാൻ സാധ്യമല്ല.

ശ്രീ. പി. ടി. ചാക്കോ : ഈ 11-ാം വകുപ്പ് മാറണ്ട. അതുപോലെ ഇരുന്നുകൊള്ളട്ടെ. മറ്റു വ്യവസ്ഥകളും ഈ ആക്ടിലുള്ളതു് ഭേദഗതി ചെയ്യുന്നതിനു ബന്ധപ്പെട്ടകക്ഷികളുമായി ആലോചിക്കാൻ തയാറുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ബുദ്ധിമുട്ടുകൾക്കു പരിഹാരം കാണാൻ സാധിക്കുകയില്ലെന്നു നിയമമന്ത്രിതന്നെ പറഞ്ഞു. എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവു പറഞ്ഞമാതിരിയുള്ള ഭേദഗതികളും ഇതിൽ കൊണ്ടുവരണമെന്നുള്ളപക്ഷം ഈ 11-ാം വകുപ്പു മാറണം. അങ്ങനെ ക്ലേശിയാലോചനകളുടെ ഫലമായി ഈ 11-ാം വകുപ്പു ഭേദഗതി ചെയ്യണമെന്നാണെങ്കിൽ അതിനു് തയാറാണു്. അതാവശ്യമുണ്ടോ എന്നുള്ളതിനെപ്പറ്റിയാണെങ്കിൽ ഈ ബില്ലിലെ തത്വം അംഗീകരിക്കുകയാണെങ്കിൽ പോരേ ? പിന്നോക്ക സമുദായത്തിനു കൊല്ലംതോറും കിട്ടാനുള്ള കോടതി, എത്ര സ്ഥാനങ്ങളാണു് അവയ്ക്കു കിട്ടുമോ അത്രയും സ്ഥാനങ്ങൾ കൊടുക്കാം എന്നുള്ള വ്യവസ്ഥ അംഗീകരിച്ചുകഴിഞ്ഞാൽ നമുക്കു് 11-ാം വകുപ്പു ഭേദപ്പെടുത്തേണ്ട ആവശ്യമുണ്ടോ ? നിയമോപദേശമനുസരിച്ചും, ഈ 11-ാം വകുപ്പു് ഇതുപോലെ വച്ചുകൊണ്ടുതന്നെ പബ്ലിക്കു് സർവ്വീസ് കമ്മീഷനു് ഈ കാര്യങ്ങളൊക്കെ നിർവ്വഹിക്കാൻ കഴിയും. അപ്പോഴും ആ പരിതഃസ്ഥിതിയിൽ ഇതിൽ അങ്ങേഭേദഗതി, കാൺസ്റ്റിന്റെ ഭേദഗതി എന്നു ഞാൻ പറയുന്നില്ല ; മാനേജുമെന്റിന്റെ ഭേദഗതി ന്യായമായിട്ടു് എന്തെല്ലാം ബുദ്ധിമുട്ടുകളുണ്ടോ അതെല്ലാം ന്യായമായി പരിഹരിക്കാവുന്നതാണു്. ഈ വിധത്തിൽ അതേപ്പറ്റി ആലോചിക്കാവുന്നതാണു്.

വിദ്യാഭ്യാസബില്ലിൽ വളരെ അപകടകരമാണെന്നു പറയുന്നു. അതിൽ രണ്ടു സംഗതികളാണു വളരെ അപകടകരമാണെന്നു പറയുന്നതു്. അതിലൊന്നു് അദ്ധ്യാപകന്മാർക്കു് നേരിട്ടു ശമ്പളം കൊടുക്കുക. മറ്റൊന്നു്, ട്രഷറിയിൽ നിന്നു മുഴുവൻ ശമ്പളവും അവർക്കു കൊടുക്കുന്നതുകൊണ്ടു് ഗവണ്മെന്റിനു് അവരെ സംബന്ധിച്ചിടത്തോളം ചില നിയന്ത്രണങ്ങളും ചെലുത്തണമെന്നുള്ളതു്. ഇതിൽ ഈ രണ്ടു വാദങ്ങളും മുറുകെപിടിച്ചുകൊണ്ടു് റൂളുകളിൽ എന്തെല്ലാം ഭേദഗതികളും ചെയ്യാമോ അതു ചെയ്യാൻ തയാറാണു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ഈ രണ്ടു പ്രധാനപ്പെട്ട കാര്യങ്ങളിലാണു് സ്കൂൾ മാനേജരന്മാർ എതിർക്കുന്നതു്. പ്രൈവറ്റു് വിദ്യാലയങ്ങളിൽ ടീച്ചേഴ്സിനെ പബ്ലിക്കു് സർവ്വീസ് കമ്മീഷൻ നിയമിക്കുന്നതും സർക്കാർ നേരിട്ടു ശമ്പളം കൊടുക്കുന്നതും, ഫീസു് മുഴുവൻ പിരിച്ചു ഗവണ്മെന്റിൽ അടയ്ക്കുന്നതും, അദ്ധ്യാപകന്മാർ എന്തെങ്കിലും ചെയ്താൽ അവരെ മാനേജരന്മാരല്ലാ ഗവണ്മെന്റാണു് ശിക്ഷിക്കുന്നതെന്നുള്ളതുമാണു്, അവരെ ഏറ്റവും അധികം പ്രകോപിപ്പിച്ചിട്ടുള്ളതെന്നു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിക്കു അറിയാമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : വളരെ ഭംഗിയായി അറിയാം. അതേപ്പറ്റി സംശയമൊന്നുമില്ല. ഏറ്റവും പരിപാവനമായിട്ടുള്ള മൗലികാവകാശങ്ങളും ഈ രാജ്യത്തെ പൊതുജീവിതത്തിൽ ഈ മദ്ധ്യവർത്തികളുടെ അടിച്ചേല്പാണെന്നു് എഴുതിക്കൊടുക്കുക എന്നുള്ളതു് എന്നെ സംബന്ധിച്ചിടത്തോളം സാധ്യമല്ല. അതു മൗലികാവകാശമാണെന്നു ചിന്തിക്കാൻ നിവൃത്തിയില്ല. വളരെ ഏറെ സേവനങ്ങളും ഇവർ ചെയ്തിട്ടുണ്ടു് ഇനിയും ഈ സേവനം അനുഷ്ഠിക്കാനുള്ള സാഹചര്യങ്ങളും സൃഷ്ടിക്കണമെന്നതന്നെയാണു് ഗവണ്മെന്റിന്റെ ഉദ്ദേശം. അങ്ങനെയുള്ള മാനേജുമെന്റിനോടു സഹകരിക്കാൻ എപ്പോഴും ഗവണ്മെന്റു തയാറാണു്. നേരിട്ടു ശമ്പളം കൊടുക്കുക, കൊടുക്കുന്ന ശമ്പളം ട്രഷറിയിൽനിന്നു കൊടുക്കുക. അതു ട്രഷറിയിൽ നിന്നു കൊടുക്കുന്നതു അദ്ധ്യാപകനു തിരിച്ചു കൊടുക്കുക എന്നു വരുമ്പോൾ ചില തത്വങ്ങളും അനുസരിച്ചു ചില നിയന്ത്രണങ്ങളും ഗവണ്മെന്റിനാവശ്യമാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ : ഗവണ്മെൻറിനു നേരിട്ടു അദ്ധ്യാപകന്മാർക്ക് ശമ്പളം കൊടുക്കുക എന്നുള്ള വ്യവസ്ഥയും, പിന്നോക്കസമുദായങ്ങൾക്കു അവർഹിക്കുന്ന ഉദ്യോഗങ്ങൾ കൊടുക്കുക എന്നുള്ള വ്യവസ്ഥയും അംഗീകരിച്ചു മറ്റു വ്യവസ്ഥകൾ മാറ്റി ഇന്നത്തെ നിയമത്തിൽ ഭേദഗതി വരുത്താൻ ഗവണ്മെൻറ് തയാറാണോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇല്ല രണ്ടും കഴിഞ്ഞാൽ പിന്നെ വ്യവസ്ഥയില്ല. പിന്നെ ഇതിൻറെ ജീവൻ പോയില്ലേ. ഇതു നിയമത്തിൻറെ ആത്മാവു പോയില്ലേ.

ശ്രീ. പി. ടി. ചാക്കോ : നിയമം നിലനിൽക്കണമെന്നുള്ള അടിസ്ഥാനത്തിൽ മറ്റു വ്യവസ്ഥകൾ റസ്ട്രിക്ഷൻ ചെയ്തു ഇതു രണ്ടും അതിൽ നിർബ്ബന്ധമായി വച്ചുകൊണ്ട് ഈ ആക്ടിനെ ഭേദപ്പെടുത്തുന്നതിനെപ്പറ്റി ആലോചിക്കുമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : എന്തായാലും ആലോചിക്കാൻ തയാറുണ്ടോ, തയാറുണ്ടോ എന്നു ചോദിച്ചാൽ, ഈ രണ്ടു വ്യവസ്ഥകളുമാണ് സംഘട്ടനങ്ങൾക്കു ഉണ്ടാക്കുന്നതു്. ഈ നിയമം ഭേദപ്പെടുത്താം എന്നു പറഞ്ഞാൽ ഇതിലെ വാചകം മാറ്റി എഴുതണമെന്നാണോ, അതിൻറെ ഇംപ്ലിക്കേഷൻ ശരിയായിരിക്കുന്നില്ല എങ്കിൽ അതു പരിശോധിക്കാം. ഇതും വിട്ട്, ഈ രണ്ടുകളെ സംബന്ധിച്ചിടത്തോളം മാനേജ്മെൻറുകൾക്ക് വല്ല ബുദ്ധിമുട്ടും ഉണ്ടെങ്കിൽ അതു പരിശോധിക്കാം. അതതു് അങ്ങളിലാണ് ഗവണ്മെൻറ് വളരെ മുറുകെ പിടിക്കാൻ തയാറായിട്ടുള്ളതു്.

അതോടൊന്നിച്ചു് ഒരു ചെറിയ കാര്യംകൂടി പറയാനുണ്ടു്. നിങ്ങൾക്കു ഏറ്റവും ഭയമുള്ളതു ഈ അദ്ധ്യാപകന്മാർ കമ്മ്യൂണിസ്റ്റുകളായി പോകുമോ എന്നുള്ളതാണു്. അതിനു മറുപടി പറഞ്ഞു കഴിഞ്ഞു. മാത്രമല്ല അവിടെ നിയമിക്കുന്ന അദ്ധ്യാപകന്മാർ ഈശ്വരവിശ്വാസത്തിനെതിരായി പ്പോകുമോ, എന്നുള്ളതാണെങ്കിൽ അങ്ങനെ വല്ലതും അദ്ധ്യാപകന്മാർ ചെയ്യുകയാണെങ്കിൽ അവരുടെ പേരിൽ നടപടി എടുക്കാവുന്നതാണു്. സിലബസിൽ നിന്നും വിട്ടു എന്തെങ്കിലും പാഠിപ്പിച്ചുപോയാൽ അതേപ്പറ്റി ചോദ്യം ചെയ്യാം. ഏതു മണിക്കൂറിലാണു് ഈശ്വരവിശ്വാസിയായിട്ടുള്ളതാളുകൾ നിരീശ്വരവാദികളാകുന്നതു്, സോഷ്യലിസ്റ്റാകുന്നതു്, ആവടി സോഷ്യലിസ്റ്റാകുന്നതു എന്നു നിശ്ചയമില്ലാതാണിരിക്കുന്നതു്. അതിനൊക്കെ നിയമമുണ്ടാക്കാനും, നിയന്ത്രിക്കാനും സാധിക്കുമോ. സാദ്ധ്യമല്ല. എന്തെല്ലാം മാറ്റങ്ങൾ ഈ രാജ്യത്തുണ്ടായി. ഞാൻ മുമ്പു പറഞ്ഞതുപോലെ സ്വതന്ത്ര തിരുവിതാംകൂറിനുവേണ്ടി വാദിച്ചിരുന്നവർ കോൺഗ്രസ്സായിട്ടുള്ള കാലമല്ലേ. സൂക്ഷിച്ചു ആളുകളെ എടുത്താൽ മതി. വേണ്ടി വന്നാൽ രക്തം പരിശോധന ചെയ്തു എടുക്കണം. അങ്ങനെ ചെയ്താൽ മതി. ദോഷം എന്നു ആലോചിച്ചു ചെയ്യാൻ നിവൃത്തിയില്ല. കുറേ കഴിയുമ്പോൾ ഈശ്വരവിശ്വാസങ്ങളൊക്കെ രാജ്യവ്യാപകമായി അംഗീകരിച്ചു കഴിഞ്ഞാൽ വളരെ കുഴപ്പങ്ങൾക്കിടയാക്കുന്നതാണു്. ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം മാനേജ്മെൻറുകൾക്ക് ബുദ്ധിമുട്ടുണ്ടാകാതെയിരിക്കുന്നതിനു് വിട്ടുവീഴ്ചകൾ ചെയ്യാൻ ഞാൻ തയാറാണു്. അല്ല എവിടെയൊക്കെയാണെന്നുള്ളതു വിശദമായ സംഭാഷണങ്ങൾക്കു ശേഷമേ മനസ്സിലാക്കാൻ സാധിക്കുകയുള്ളു. അതു സംഭാഷണം നടത്തിയാൽത്തന്നെ സ്ഥിരമായിട്ടുള്ള വീറോ ഏർപ്പെടുത്താനും അദ്ധ്യാപകന്മാരുടെ നിയമനത്തിൽ നിയന്ത്രണം ഏർപ്പെടുത്താനും വിഷമമുണ്ടു്. അപ്പുറത്തിരിക്കുന്ന മാന്യന്മാരായ ഈശ്വരവിശ്വാസികളെ മുഴുവൻ നമുക്കാക്കാൻ പരിശോധിക്കേണ്ടതാണു്. ആസ്തികൃബോധമുള്ളവനാണോ, ഈശ്വരവിശ്വാസിയാണോ എന്നു ഒന്നു പരിശോധിക്കണം. മനുഷ്യരെ വിശ്വസിക്കാത്തവർ ഈശ്വരനെ വിശ്വസിക്കുകയില്ല എന്നു ഞാൻ പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ന്നാമതു മനുഷ്യനെ വിശ്വസിക്കുകയാണു് വേണ്ടതു്. ഈ രാജ്യത്തു് അങ്ങനെ മനുഷ്യരെ വിശ്വസിക്കാത്ത ഒരു പ്രവണതയാണു് കാണുന്നതു്.

ശ്രീ. പി. ടി. ചാക്കോ : നിങ്ങളെപ്പോലെയുള്ളവർക്കില്ല. കുറെ അടി കൊടുക്കു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : മനുഷ്യരെ വിശ്വസിക്കുന്നവർ മാത്രമേ ഈശ്വരവിശ്വാസികളാകൂ. ഈശ്വരവിശ്വാസം കീശയിൽ ഇട്ടുകൊണ്ടു നടന്നാൽപോര. അതു വിട്ടുവീഴ്ചയില്ലാത്തതാണു്. ഏതായാലും ഈശ്വരവിശ്വാസമില്ലാത്ത കമ്മ്യൂണിസ്റ്റുകളായ അദ്ധ്യാപകന്മാരെ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ളതല്ല ഈ നിയമം. മാനേജരന്മാരെ ഞെരുക്കുവാനും ഉദ്ദേശമില്ല. വളരെ സൂക്ഷിച്ചു് അദ്ധ്യാപകന്മാരെ സെലക്റ്റു ചെയ്താൽ മതി. ലിസ്റ്റിൽ ഉൾപ്പെടുത്തിയാൽത്തന്നെയും റിസർവ്വേഷൻ പ്രിൻസിപ്പിൾ ഇതിൽ ഏർപ്പെടുന്നില്ല എന്നു പറഞ്ഞാൽ വിഷമമില്ലല്ലോ. അതു വരാൻ പോകുന്നില്ലെന്നല്ല. ഒരുപക്ഷേ അങ്ങനെയും സംഭവിച്ചേക്കാം. യാദൃശ്ചികമായിട്ടു് അങ്ങനെ സംഭവിച്ചാൽ നമുക്കു രക്ഷയായി. വളരെ പരിശുദ്ധാത്മകമായി വയ്ക്കുന്നതിനെപ്പറ്റി ഇതൊക്കെയല്ലാതെ സാധിക്കുമോ എന്നു തോന്നുന്നില്ല. ഈ സന്ദർഭത്തിൽ ഈ സഭയിൽ ഇതുമും പറഞ്ഞതു് ക്ഷമിക്കണം. ഞാൻ അവതരിപ്പിച്ച ഭേദഗതിയെ സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു് ശ്രീ. ചാക്കോയുടെ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

ശ്രീ. എം. നാരായണക്കുറുപ്പു് : മനുഷ്യൻ എന്നതിന്റെ ധാതുപാർത്ഥം എന്താണു്?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : തർക്കശാസ്ത്രത്തിൽ ഒരു ഡഫനിഷൻ ഉണ്ടു്. പിന്നെ 15-ാംനൂറ്റാണ്ടിലെ ഫിലോസഫിയുടേതാണു് വേണ്ടതെങ്കിൽ അതിവിടെ പ്രസക്തമല്ല.

The amendment moved by Shri K. Chandrasekharan was by leave withdrawn.

Shri T. A. Thomman: Sir, I wish to press my amendment for substituting 50 per cent for 25 per cent. I do not withdraw that.

Mr. Speaker: Shri P. M. Joseph, are you pressing your amendment ?

Shri P. M. Joseph: What is it ?

Mr. Speaker: It relates to substitution of 75% for 25% in Rule 3. That rule is not there in the new Chapter.

Shri P. T. Chacko: In this rule also that can be brought in as an amendment, because here also, percentage is mentioned.

Mr. Speaker : I hold that the amendment is maintainable. I am putting it to the sense of the House.

The amendment of Shri P. M. Joseph was put and lost.

The Amendment of Shri T. A. Thomman was put and declared lost.

Shri P. T. Chacko : I demand a division.

A poll was taken when the House devided as follows:—

LIBRARY ARCHIVES Kerala Legislative Assembly

Ayes 37.

1 Shri K. C. Abraham
2 ,, M. C. Abraham
3 ,, Alexander Parambithara
4 ,, M. A. Antony
5 ,, K. Ayukkadarkutty Naha
6 ,, T. O. Bava
7 ,, P. T. Chacko
8 ,, K. Eacharan
9 ,, P. R. Francis
10 ,, K. M. George
11 ,, Gopalankutty Nair
12 ,, K. Hassan Gani
13 ,, Idicula
14 ,, P. M. Joseph
15 ,, Joseph Chazhikatt
16 ,, Joseph (George)
17 ,, P. S. Karthikeyan
18 ,, K. Kochukuttan
19 ,, P. Kumaran
20 ,, Kunhambu Kallayan
21 Shri Kunhikrishnan Nair
22 ,, A. Kunjukrishnan
23 ,, M. Kunjukrishnan Nadar
24 Smt. Kusumom Joseph
25 ,, Leela Damodara Menon
26 Shri C. A. Mathew
27 ,, K. Moideenkutty Haji
28 ,, K. R. Narayanan
29 ,, M. Narayana Kurup
30 ,, E. P. Poulose
31 ,, R. Raghava Menon
32 ,, A. A. Rahim
33 ,, P. Ramunny Kurup
34 ,, Ponnara G. Sreedhar
35 ,, T. A. Thomman
36 ,, M. Umesh Rao
37 ,, K. K. Viswanathan

Noes 61.

1 Shri Abdul Majeed
2 ,, C. Achutha Menon
3 Smt. K. O. Aysha Bai
4 Shri P. Balachandra Menon
5 ,, R. Balakrishna Pillai
6 ,, K. A. Balan
7 ,, N. E. Balaram
8 ,, K. Bhargavan
9 ,, P. Bhaskaran Nair
10 ,, Thoppil Bhaskaran Pillai
11 ,, E. Candrasekharan Nair
12 ,, P. K. Chathan
13 ,, K. C. George
14 ,, E. P. Gopalan
15 ,, P. Gopalan
16 ,, K. P. Gopalan
17 ,, E. Gopalakrishna Menon
18 ,, K. P. R. Gopalan Nambiar
19 Smt. K. R. Gouri
20 Shri Govindan
21 ,, K. Govindankutty Menon
22 ,, P. Govindan Nambiar
23 ,, P. Govinda Pillai
24 ,, R. Janardhanan Nair
25 ,, John Kuduvakkotte
26 ,, Joseph Mundassery
27 ,, A. M. Kaliyanakrishnan Nair
28 ,, Kallalan
29 ,, C. H. Kanaran
30 ,, C. Kannan
31 ,, G. Karthikeyan
32 ,, K. Karunakaran
33 ,, M. K. Kelu
34 ,, P. K. Koru
35 ,, R. Krishnan
36 ,, T. K. Krishnan
37 ,, K. Krishna Menon
38 ,, V. R. Krishna Iyer
39 ,, M. Kumaran

LIBRARY ARCHIVES Kerala Legislative Assembly

40 Shri E. T. Kunhan
41 ,, P. K. Kunjachan
42 ,, P. R. Madhavan Pillai
43 ,, C. K. Narayanankutty
44 ,, T. C. Narayanan Nambiar
45 ,, N. Neelakantaru Pandarathil
46 ,, G. Padamanaban Tampi
47 ,, R. Prakasam
48 ,, N. Rajagopalan Nair
49 ,, T. K. Ramakrishnan
50 Shri V. Ramakrishna Pillai
51 ,, A. K. Ramankutty
52 ,, P. Ravindran
53 Smt. Rosamma Punnose
54 Shri M. Sadasivan
55 ,, C. G. Sadasivan
56 ,, E. M. S. Namboodiripad
57 ,, K. Sivadasan
58 ,, N. Sivan Pillai
59 ,, V. Sreedharan
60 ,, R. Sugathan
61 ,, T. V. Thomas

Mr. Speaker: Ayes 37; Noes 61; Neturals Nil.

The amendment is lost.

The amendments moved by Shri E. P. Poulose were put and lost.

Mr. Speaker: Amendment No. 418 tabled by Shri T. C. Narayanan Nambiar has been accepted in another form.

The amendment of Shri M. C. Abraham to add a new sub clause (xi) was put and lost.

The amendment of the Minister for Education (Shri Joseph Mundasseri) was put and carried.

ശ്രീ. കെ. സി. ഏബ്രഹാം : സർ, ഒരു കാര്യം കൂടി അറിയാനുണ്ട്. അദ്ധ്യാപകരുടെ ശമ്പളം, പെൻഷൻ, പ്രമോഷൻ മുതലായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളമുള്ള 'റൂൾസ്' എന്നത്തേക്കു് ഈ നിയമസഭയിൽ അവതരിപ്പിച്ചു പാസ്സാക്കാൻ സാധിക്കുമെന്നു പറയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതു തയാറാക്കിവരികയാണു്; തയാറായാൽ ഉടനെ സാധിക്കും.

ശ്രീ. കെ. സി. ഏബ്രഹാം : ഈ സെഷനിൽ സാധിക്കുമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഈ സെഷനിൽ സാധിക്കുമെന്നു തോന്നുന്നില്ല. തയാറായാൽ ഉടനെ അതു ശരിപ്പെടുത്താം.

Mr. Speaker: Order, order. I have to supply this House as also the Press with certain information. The total time taken by this Assembly for the consideration of the Education Rules was 32½ hours. The total number of amendments tabled for the Education Rules was 650. The total number of amendments that were moved and discussed was 260; the number of amendments accepted by the Assembly was 120.

ശ്രീ. പൊന്നറ ജി. ശ്രീധർ : സർ, ഇപ്പോൾ ഇതു പാടേണ്ട ആവശ്യം?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇങ്ങനെയൊരു പ്രസ്താവന ചെയ്യുന്നു ഒരു വിഡംബനമായിപ്പോയെങ്കിൽ പിൻവലിച്ചേക്കാം. സാധാരണ ഇവിടത്തെ നടപടികളും കഴിഞ്ഞിട്ട് പ്രസ്സുകാർതന്നെ പലരും, ബഹുമാനപ്പെട്ട മെമ്പർമാർപോലും ഇതിനെപ്പറ്റിയുള്ള വിവരങ്ങളും അറിയാനായിട്ട് ഓരോരുത്തരായി സമീപിക്കാറുണ്ട്; എന്നെയും, ആഫീസിലും. എല്ലാവർക്കുംകൂടി അറിവിനു പ്രയോജനപ്പെട്ടമല്ലോ എന്നു കരുതിമാത്രം ഇതു പറഞ്ഞുപോയതാണു്. കേവലം ഒരു മര്യാദ, കടമ, എന്നു കരുതിയാണു് ഇങ്ങനെ പ്രസ്താവിച്ചതു്.

ശ്രീ. പൊന്നറ ശ്രീധർ : വിഡംബനമാണെന്നു പറയുകയല്ല; ഇതു പറയേണ്ടതു് ഒരു പ്രസ്സ് കോൺഫറൻസു വിളിച്ചുകൂട്ടി അവിടെവച്ചായിരുന്നു എന്നു പറയുകയാണു്. അസംബ്ലിയിൽ പറയുന്നതു് മെമ്പേഴ്സിനു് അറിയാനുള്ള കാര്യങ്ങളാണു്.

ശ്രീ. ഇ. പി. പൗലോസ് : ഇത്രയും പറഞ്ഞ സ്ഥിതിക്കു് ഇതിൽ എത്ര ഭേദഗതികളും ഗവണ്മെൻറു ഭാഗത്തുനിന്നും അവതരിപ്പിച്ചതാണെന്നും, അംഗീകരിച്ചിട്ടുള്ളതിൽ എത്രയെണ്ണം അതിൽ ഉൾപ്പെട്ടുമെന്നുംകൂടി അറിഞ്ഞാൽക്കൊള്ളാം.

Mr. Speaker : Those statistics are not collected.

ശ്രീ. സി. എ. മാത്യു : 120 ഭേദഗതികളും സ്വീകരിച്ചതായി പറഞ്ഞ സ്ഥിതിക്കു് അതുകൂടി അറിയേണ്ടതാണു്.

ശ്രീ. പി. ടി. ചാക്കോ : സർ, അങ്ങേക്കു് അതിനു അധികാരമുണ്ടു്; അതിനെ ചോദ്യം ചെയ്യുകയല്ല. പക്ഷേ, ഈ പ്രസ്താവന ഈ സഭാനടപടികളുടെ ഒരു ഭാഗമാക്കേണ്ട കാര്യമില്ല. ഈ വിവരങ്ങളും വേണമെങ്കിൽ സെക്രട്ടറിയോടു ചോദിച്ചു് പ്രസ്സുകാർക്കു് മനസ്സിലാക്കാവുന്നതേയുള്ളു.

Mr. Speaker : It is not that. Difficulties arise as a result of the representatives of the Press coming and asking for information. Sometimes the Members also come and ask for information.

അസംബ്ലി പിരിഞ്ഞാൽ പലപ്പോഴും ബഹുമാനപ്പെട്ട മെമ്പറന്മാരും, പ്രസ്സുകാരും ചേമ്പറിൽ വന്നു് ഈമാതിരിയുള്ള വിവരങ്ങളും അന്വേഷിക്കാറുണ്ടു്. അങ്ങനെ അറിയാനുള്ള വിവരം ഇവിടെവച്ചുതന്നെ പറഞ്ഞതിൽ വലിയ കുഴപ്പമുള്ളതായി എനിക്കു തോന്നുന്നില്ല. ഈ കൂടിനെപ്പറ്റിയുള്ള ഡിസ്കഷൻ കുഴിഞ്ഞ സ്ഥിതിക്കു് ഈ അവസരത്തിൽത്തന്നെ അതു പറയുന്നതു യുക്തമാണെന്നു കരുതുന്നു. ഏതായാലും ഈ കാര്യം സംബന്ധിച്ചു് ഒരു പ്രസ്സു് കോൺഫറൻസു നടത്താൻ ഞാൻ ഉദ്ദേശിക്കുന്നില്ല; അതു സാദ്ധ്യവുമല്ല.

ശ്രീ. ജോസഫ് ചാഴിക്കാടൻ : മേലാൽ ഇങ്ങനെ എല്ലാ ബില്ലിനെ സംബന്ധിച്ചും വിവരങ്ങളും നൽകുമോ?

മി. സ്പീക്കർ : ആവശ്യമെന്നു തോന്നിയാൽ അങ്ങനെ ചെയ്യും. ഇപ്പോൾത്തന്നെ കാർഷികബഡ്ജറ്റു് സഭയുടെ ചർച്ചയിൽ ഇരിക്കുകയാണു്. അതിനെപ്പറ്റിയുള്ള ചർച്ചയുടെ അവസാനത്തിൽ ഇതുപോലെ ആവശ്യമായ വിവരം നൽകണമെന്നു തോന്നിയാൽ അതു ചെയ്യും.

ശ്രീ. ജോസഫ് ചാഴിക്കാടൻ : അതു മതി.

മി. സ്പീക്കർ : ഓർഡർ, ഓർഡർ.....

ശ്രീ. ജോസഫ് ചാഴിക്കാടൻ : സർ, ഇന്നു കാലത്തുതന്നെ ഞാൻ ഒരു വകുപ്പിനെപ്പറ്റി സംസാരിക്കണമെന്നാഗ്രഹം പ്രകടിപ്പിച്ചപ്പോൾ അങ്ങു പറഞ്ഞു, മുമ്പു സംസാരിച്ചുകഴിഞ്ഞതാണെന്നു്. പക്ഷേ, അതിനുശേഷം പറഞ്ഞു, അങ്ങു പറഞ്ഞതു ശരിയല്ല, തെറ്റിപ്പോയി എന്നു് .....

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : Order, order. The hon. Member will please resume his seat.

Hereafter I am not going to allow this sort of thing on the part of Mr. Joseph Chazhikatt; if he repeats this, I may assure the House and warn the Member that I will view it very severely and take a tion.

Shri Ponnara G. Sreedhar : Certainly I feel that whatever you say is meant for the Members, i.e., everything you say in this Assembly. So I was rather surprised to hear that you were making that statement for the Press.

Mr Speaker : It is usual for Speakers in all Assemblies to say matters that are intended for the Press also. I have not, in any manner, deviated from the usual practice followed every where. If you want the Speaker of the Kerala Legislative Assembly to be saddled with special limitations, I am not prepared for it.

Now we will take up the Agrarian Relations Bill.

LEGISLATIVE BUSINESS.

The Kerala Agrarian Relations Bill, 1957—(*Contd.*)

[The number within brackets shown against the amendments denotes the number in the list of amendments.]

Mr. Speaker : We will first take up for consideration clause 2 (47) which was held over. In respect of this sub-clause, a number of amendments stand moved.

Now the hon. Minister can move her amendment.

Smt. K. R. Gouri : Sir, I have already moved my amendment. In that amendment I have suggested the following additional explanation to be added to that sub-clause :

> "Explanation II.—For the purpose of the clause any person who on the 11th day of April 1957 was continuously in occupation of the land of another for not less than two years bona fide believing himself to be a tenant and continued to be in occupation of such land at the commencement of this Act shall be deemed to be a tenant."

In this explanation I now want to insert the words "situated in Malabar" after the words "was continuously in occupation of the land of another."

I move :

11 A. M.] "In sub-clause (47) (1) renumber the existing explanation as Explanation II and before that Explanation add the following :—

> *Explanation I.* For the purpose of this sub-clause "holder of a Chalgeni lease" means a lessee or sub lessee of specific immovable property situate in the taluk of Hosdrug or Kasargod, who has contracted either expressly or impliedly to hold the same under a lease for a specified period or not".

LIBRARY ARCHIVES Kerala Legislative Assembly